മാധ്യമം • ഞായർ • 19 ആഗസ്റ്റ് 2018 • ലക്കം 1577
# വാരാദ്യ മാധ്യമം
varadyam@madhyamam.in




**പരിസ്ഥിതിക്കുള്ള മാറ്റങ്ങൾ കൃത്യമായി നിരീക്ഷിക്കാനുള്ള റോബോട്ടിക് ബോട്ടിൻെറ രൂപകൽപനയിൽ നിർണായക പങ്കുവഹിച്ച് മലയാളികൾ**

# മറുനാടൻ മലയാളി റോബോട്ടുകൾ

ഒ. മുസ്തഫ

നല്ല ചേലുള്ള മനുഷ്യരൂപം പൂണ്ട യന്തിരൻ. ഉള്ളിൽ ഘടിപ്പിച്ച സാങ്കേതികവിദ്യകൾ പ്രകാരം പുറമെനിന്ന് മനുഷ്യൻ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് ആ യന്തിരൻ പണികൾ പലതുംചെയ്യും. ഒരു റോബോട്ട് എന്നാൽ ഇതാണെന്ന് ചുരുക്കത്തിൽ പറയാം. കുപ്പിക്കുള്ളിലെ ഭൂതം കണക്കെ അഖിലാണ്ഡ കാര്യങ്ങളെല്ലാം മനുഷ്യന് ചെയ്തുതരുകയൊന്നുമില്ല. എന്നാലും, മനുഷ്യരുടെ പണികൾ നടത്താൻ കഴിയുന്ന രൂപത്തിൽ റോബോട്ടിക് സാങ്കേതികവിദ്യ ലോകത്ത് വൻമാറ്റങ്ങൾ ഉണ്ടാക്കുന്നു. ഖത്തർ എന്ന ഇട്ടാവട്ടത്തിലുള്ള മഹാസംഭവമാണ് ഹമദ് അന്താരാഷ്ട്ര വിമാനത്താവളം. ഭൂഗോളത്തിൽ ഇതിന് പലതുണ്ട് പ്രത്യേകതകൾ. ഈയടുത്ത് അവിടെ ഒരു വിസ്മയംകൂടി ഉണ്ടായി. ഒരു സ്കൂട്ടറിൻെറ രൂപത്തിലുള്ള റോബോട്ട്. ആഭ്യന്തരമന്ത്രാലയമാണ് ഇത് വികസിപ്പിച്ചത്. 100 മീറ്റർ ദൂരെനിന്നുതന്നെ സംശയാസ്പദമായ വ്യക്തികളെയും ബാഗേജുകളെയും മൂപ്പർക്ക് തിരിച്ചറിയാനാവും. തക്കിടതരികിട സാധനങ്ങൾ ബാഗേജിനുള്ളിൽ ഒളിപ്പിച്ച് കടത്തുന്ന യാത്രക്കാരൻ മുഖത്ത് നല്ല പുഞ്ചിരി ചേർത്തുവെച്ചാലും ഉള്ളിൽ ഒരാധിയുണ്ടാകും. അപ്പോൾ ഹൃദയമിടിപ്പും അതിനനുസരിച്ചാകും. അത്തരക്കാരൻെറ മിടിപ്പുവരെ അളന്ന് മുഖത്തിൻെറ ഭാവവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് യന്തിരൻ കോളറിന് പിടിക്കും. ഇനിയുമുണ്ട് വേറൊന്ന്... പ്രമുഖ ബാങ്കായ അൽ ഖലീജ് കമേഴ്സ്യൽ ബാങ്കിൽ 'ജാസിം' എന്നും 'നൂർ' എന്നും പേരിലുള്ള രണ്ട് പുതിയ താരങ്ങൾ ഈയടുത്ത് എത്തി. രണ്ട് നല്ല സുന്ദരൻ റോബോട്ടുകൾ. ഉപഭോക്താക്കൾക്ക് ബാങ്ക് സേവനങ്ങൾ ആറ്റിക്കുറുക്കി ചെയ്തുകൊടുക്കുന്നതിൻെറ തിരക്കിലാണിപ്പോൾ ഇരുവരും. ഇനി ദുബൈയിലെ കാര്യം നോക്കാം, അവിടെ ബുർജ്മാൻ മെട്രോ സ്റ്റേഷന് സമീപത്തെ 'ഡ്രിങ്ക്സ് ആൻഡ് സ്പൈസസ് മാജിക്' എന്ന റസ്റ്റാറൻറിൽ ജപ്പാനിൽനിന്നെത്തിയ 'റൂബി' എന്ന റോബോട്ട് ആളുകൾക്ക് ഭക്ഷണം നൽകുകവരെ ചെയ്യുന്നു. ഏത് ദുനിയാവിൽ ചെന്നാലും എല്ലാത്തിനും പിന്നിൽ മലയാളിയുടെ തലമണ്ടയുണ്ടാകുമെന്നാണല്ലോ. ഗൾഫിലെ റോബോട്ടിക് ലോകത്തുമുണ്ട് ഇങ്ങനെയുള്ള മലയാളികൾ.

## റോബോട്ടിക് ക്ലബ് ഫ്രം കേരളം

എറണാകുളം കാക്കനാട് വാഴക്കാലമൂലയിൽ വീട്ടിൽ അസിം ഹുസൈൻ കൊച്ചി രാജഗിരി എൻജിനീയറിങ് കോളജിൽനിന്ന് ഇൻസ്ട്രുമെൻേറഷൻ ആൻഡ് ഇലക്ട്രോണിക്സിൽ ബി.ടെകും യു.കെയിലെ ന്യൂ കാസിൽ യൂനിവേഴ്സിറ്റിയിൽനിന്ന് ഓട്ടോമേഷൻ ആൻഡ് കൺട്രോളിൽ പി.ജിയും നേടി. പിന്നെ ഖത്തർ ഫൗണ്ടേഷനിൽ നാലര വർഷത്തോളം റോബോട്ടിക്സും ഓട്ടോമേഷനുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ തിളങ്ങി. പരിസ്ഥിതിക്കുള്ള മാറ്റങ്ങൾ കൃത്യമായി നിരീക്ഷിക്കാനുള്ള റോബോട്ടിക് ബോട്ടിൻെറ രൂപകൽപനയിൽ നിർണായക പങ്കുവഹിച്ചു. അങ്ങനെയാണ് റോബോട്ടുകളുടെ അനന്തലോകത്തേക്ക് മെയ്യും മനവും പായിക്കുന്നത്.

ഈ മേഖലയിലെ അറിവുകൾ എല്ലാവർക്കും എത്തിക്കുകയെന്ന ലക്ഷ്യവുമായി എറണാകുളം കാക്കനാട്ട് കൊച്ചി റോബോട്ടിക് ക്ലബ് രൂപവത്കരിച്ചു. 2016ൽ ഖത്തർ റോബോട്ടിക് ക്ലബ് (QRC) രൂപംകൊണ്ടു. ഖത്തർ നാഷനൽ റിസർച് ഫണ്ട് (QNRF), ഖത്തർ ഫൗണ്ടേഷൻ, ഖത്തർ യൂനിവേഴ്സിറ്റി എന്നിവയുടെ പിന്തുണയോടെയാണ് ക്ലബ് പ്രവർത്തിക്കുന്നത്. ആലുവക്കാരൻ നാനിഷ് അലി, എറണാകുളം സ്വദേശി ഇജാസ് ആസാദ്, നാദാപുരം സ്വദേശി ഷജീം മുഹമ്മദ് എന്നീ മൂന്ന് മലയാളികൾകൂടി ഈ സംഘത്തിൻെറ ഭാഗമാണിപ്പോൾ. വിദേശികളടക്കം നിരവധി വിദ്യാർഥികൾ റോബോട്ടിക് ബാലപാഠങ്ങൾ ഇവിടെ അഭ്യസിക്കുന്നു. 'ജൂനിയർ സയൻറിസ്റ്റ് ക്ലബ്' എന്ന പേരിൽ എല്ലാ ഗൾഫ്രാജ്യങ്ങളിലും ക്ലബുകൾ ഉടൻ ജന്മമെടുക്കും. http://qatarroboticsclub.com/ എന്നതാണ് ക്ലബിൻെറ വെബ്സൈറ്റ്.

ഹോട്ടലുകളിലും റെസ്റ്റാറൻറുകളിലും എത്തുന്നവർക്ക് ചായ തയാറാക്കി നൽകുന്ന 'റോബോട്ട് ബരിസ്ത' വികസിപ്പിച്ചെടുക്കുന്നതിൻെറ പണിപ്പുരയിലാണിപ്പോൾ സംഘം. നിലവിൽ ഇന്ത്യയിൽ റോബോർട്ടിക്സിൽ ബിരുദ കോഴ്സുകൾ ഇല്ലെന്ന് അസിം പറയുന്നു. ബിരുദത്തിനുശേഷം റോബോട്ടിക്സ് കോഴ്സുകളോ പി.ജിയോ പഠിക്കാം. എന്നാൽ ഇലക്ട്രോണിക്സ്, പ്രോഗ്രാമിങ്, മെക്കാനിക്കൽ അല്ലെങ്കിൽ മെക്കട്രോണിക്സ് എന്നിവയിൽ താൽപര്യമുള്ളവർക്കോ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കോ റോബോട്ടിക്സ് മേഖല തിരഞ്ഞെടുക്കുകയും ചെയ്യാം.

## കുട്ടികളാൽ പിറക്കുന്നു, കൊച്ചു റോബോട്ടുകൾ

എന്നും കുട്ടികൾക്ക് കടുകട്ടിയുള്ളവയാണ് സയൻസ്, സാങ്കേതികവിദ്യ, എൻജിനീയറിങ്, കണക്ക് എന്നിവ. ഇതിൻെറ പാഠങ്ങളൊക്കെ ഗുളികരൂപത്തിൽ ക്ലബിൽ ലഭിക്കും. ഇതിലൂടെ വിദ്യാർഥികൾക്കും യുവാക്കൾക്കും റോബോട്ടിക് സാങ്കേതികവിദ്യയിൽ ആദ്യചുവടുറപ്പിക്കാം.

റോബോട്ടിക് മേഖലയിൽ അറിവുള്ളവർക്ക് നിരവധി തൊഴിൽ അവസരങ്ങൾ ലോകത്തെങ്ങും ഉണ്ടെന്ന് അസിം പറയുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർഥികൾക്ക് ഈ മേഖലയിൽ അറിവ് നൽകാൻ കൂടുതൽ ജാഗരൂകരാണിപ്പോൾ. ഇതിനായി ക്യൂ.ആർ.സി നിരവധി ശിൽപശാലകളും ക്ലാസുകളും നൽകുന്നുണ്ട്.

എൻജിനീയർമാരും മറ്റ് സാങ്കേതികവിദഗ്ധരുമാണ് ക്ലാസുകളുടെ രൂപരേഖ തയാറാക്കിയിരിക്കുന്നത്. യഥാർഥ റോബോട്ടുകളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഹാർഡ്വെയറും ഉപകരണങ്ങളുമാണ് ശിൽപശാലകളിൽ ഉപയോഗിക്കുക. റോബോട്ടുകളിൽ എങ്ങനെയാണ് ഹാർഡ്വെയറുകൾ, സെൻസറുകൾ, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത്, ഇവ എങ്ങനെയാണ് സംവിധാനിക്കുന്നത്, എങ്ങനെയാണ് ഇവയെ പുറത്തുനിന്ന് നിയന്ത്രിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ ലളിതമായി പഠിപ്പിക്കും. കുറച്ചുകൂടി ചെറിയ കുട്ടികളാണെങ്കിൽ ക്ലാസ് കൂടുതൽ ലളിതമാകും. റോബോട്ടുകൾ എങ്ങനെ വ്യത്യസ്ത നിറങ്ങളോട് പ്രതികരിക്കുന്നു എന്ന കാര്യം പറയാൻ ഇവിടെ കളർ പെൻസിലുകൾ ഉപയോഗിക്കും.


ഐപാഡിൻെറയോ ടാബ്ലറ്റിൻെറയോ ആപ്ലിക്കേഷനുകൾ കൊണ്ട് കുട്ടികൾ റോബോട്ടുകളുടെ പ്രോഗ്രാമുകൾ രൂപപ്പെടുത്തും. ചലനം, വെളിച്ചം, ശബ്ദം, യന്ത്രങ്ങളുടെ നിർമിതി, മെക്കാനിക്സ് എന്നിവയിൽ വിവിധ പരീക്ഷണങ്ങളുമുണ്ട്. റോബോട്ടിക്സ്, പ്രോഗ്രാമിങ്, ബേസിക് ഇലക്ട്രോണിക്സ്, മൈക്രോ കൺട്രോളർ, സെൻസറുകൾ, ഓട്ടോമേഷൻ തുടങ്ങിയവ കുട്ടികൾ സ്വായത്തമാക്കും. പതിയെ കുട്ടികളാൽ ചെറിയ ചെറിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പിറവിയെടുക്കും. അവ ചിലപ്പോൾ കൈകാലുകൾ ഉള്ള തനി റോബോട്ടുകൾ ആകാം, കളിക്കോപ്പുളാകാം, പറക്കുന്ന ചെറുവിമാനങ്ങളാകാം, ഓടുന്ന ബൈക്കുകളുമാകാം... യഥാർഥ റോബോർട്ടുകളിൽ ഉപയോഗിക്കുന്ന വസ്തുക്കൾ അടങ്ങിയ പഠനോപകരണങ്ങൾ ഉൾപ്പെടുന്ന കിറ്റുകളും നൽകും. പള്ളിക്കൂടത്തിലൊന്നും പോകാത്ത വിദ്വാന്മാർക്കും സയൻസിനോട് താൽപര്യമുണ്ടെങ്കിൽ ഒരു ശ്രമം നടത്തുകയുമാകാം. അതിനാൽ, ആരും മടിക്കേണ്ട റോബോട്ടുകളുടെ പിന്നാലെ പായാൻ. •



റോബോട്ടിക് ശിൽപശാലയിൽനിന്ന്

**ഈയടുത്ത് ഖത്തർ ഹമദ് അന്താരാഷ്ട്ര വിമാനത്താവളം ഒരു വിസ്മയത്തിന് സാക്ഷിയായി. സ്കൂട്ടറിൻെറ രൂപത്തിലുള്ള ഒരു റോബോട്ട്. ആഭ്യന്തരമന്ത്രാലയമാണ് ഇത് വികസിപ്പിച്ചത്. 100 മീറ്റർ ദൂരെനിന്നുതന്നെ സംശയാസ്പദമായ വ്യക്തികളെയും ബാഗേജുകളെയും മൂപ്പർക്ക് തിരിച്ചറിയാനാവും. തക്കിടതരികിട സാധനങ്ങൾ ബാഗേജിനുള്ളിൽ ഒളിപ്പിച്ച് കടത്തുന്ന യാത്രക്കാരൻ മുഖത്ത് നല്ല പുഞ്ചിരി ചേർത്തുവെച്ചാലും ഉള്ളിൽ ഒരാധിയുണ്ടാകും. അപ്പോൾ ഹൃദയമിടിപ്പും അതിനനുസരിച്ചാകും. അത്തരക്കാരൻെറ മിടിപ്പുവരെ അളന്ന് മുഖത്തിൻെറ ഭാവവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് യന്തിരൻ കോളറിന് പിടിക്കും. ഏത് ദുനിയാവിൽ ചെന്നാലും എല്ലാത്തിനും പിന്നിൽ മലയാളിയുടെ തലമണ്ടയുണ്ടാകുമെന്നാണല്ലോ. ഗൾഫിലെ റോബോട്ടിക് ലോകത്തുമുണ്ട് ഇങ്ങനെയുള്ള മലയാളികൾ.**


02 ചരിത്രത്തിലേക്ക് ഒരു സ്കൂട്ടർ സഞ്ചാരം



04 മൗനത്തെ ശബ്ദംകൊണ്ട് ഹരിച്ച ചിത്രകാരൻ

യാത്ര

# ചരിത്രത്തിലേക്ക് ഒരു സ്കൂട്ടർ സഞ്ചാരം

## കോഴിക്കോട് കടപ്പുറത്തുനിന്ന് തുടങ്ങി ഭൂട്ടാൻ വരെ നീണ്ട, രണ്ടു ചെറുപ്പക്കാരുടെ സ്കൂട്ടർ യാത്ര





ഭൂട്ടാനിലെ ബുദ്ധ പ്രതിമക്കു മുന്നിൽ ആനന്ദും ഹസീബ് അഹ്മദും

**മനീഷ് എം.പി**

ദീർഘദൂര ബൈക്ക് യാത്ര ട്രെൻഡായ കാലമാണിത്. വേറിട്ട അനുഭവം ആസ്വദിക്കാനും പോകുന്ന വഴിയും സ്ഥലവും പരിചയപ്പെടാനും ഇത്രയും നല്ല രീതി വേറെയില്ല. ഇതുമൊരു ബൈക്ക് യാത്രയാണ്. കോഴിക്കോട് കടപ്പുറത്തുനിന്ന് തുടങ്ങി, ഇന്ത്യ-ഭൂട്ടാൻ രാജ്യങ്ങളുടെ ചരിത്രത്തിലേക്കും ജീവിതരീതിയിലേക്കും കടന്നുചെല്ലാൻ ആഗ്രഹിക്കുന്ന 20 വയസ്സുകാരായ രണ്ടു ചെറുപ്പക്കാരുടെ ചേതക് സ്കൂട്ടർ യാത്ര.

കോഴിക്കോട് ജില്ലയിലെ കട്ടാങ്ങൽ സ്വദേശി ആനന്ദും തിരുവമ്പാടി സ്വദേശി ഹസീബ് അഹ്മദുമാണ് യാത്രികർ. പ്രകൃതിയോടൊപ്പം സഞ്ചരിക്കുക എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന അഞ്ചുലക്ഷം പേരോളം അടങ്ങിയ 'സഞ്ചാരി' ഫേസ്ബുക്ക് കൂട്ടായ്മയാണ് ഹസീബ് അഹ്മദിനും ആനന്ദിനും എല്ലാവിധ പിന്തുണയും നൽകിയത്. കൃത്യമായ ആസൂത്രണം ഇത്തരത്തിലുള്ള ദീർഘയാത്രക്ക് അനിവാര്യമാണ്. മനസ്സും ശരീരവും ഒരുപോലെ സജ്ജമാക്കണം. അതിനുവേണ്ടി മികച്ച രീതിയിലുള്ള യാത്രവഴി അവർ തയാറാക്കി. യാത്രയോടുള്ള അതിയായ ആഗ്രഹമാണ് ഇരുവരെയും മുന്നോട്ട് നയിച്ചത്. വെറുതെ ഇത്ര കിലോമീറ്റർ താണ്ടിയേക്കാമെന്ന ചിന്താഗതിയല്ല യാത്രക്കു പിന്നിൽ. വെള്ളമില്ലാതെ ബുദ്ധിമുട്ടുന്നവരുടെയും ഒരുനേരംപോലും ഭക്ഷണം കഴിക്കാത്തവരുടെയും കാടിനോട് ചേർന്ന് ജീവിക്കുന്നവരുടെയും ഹൃദയമിടിപ്പ് തൊട്ടറിയാനും എല്ലാമായിരുന്നു ഈ പുറപ്പാട്. അത്തരത്തിലുള്ള എങ്ങും ദൈന്യത മാത്രമുള്ള പാതകളിലൂടെയായിരുന്നു ഹസീബിൻെറയും ആനന്ദിൻെറയും സ്കൂട്ടർ സഞ്ചാരം. ദീർഘസഞ്ചാരത്തിൻെറ ഒരുപാട് കഥകൾ പറയാനുള്ള കോഴിക്കോട് കടപ്പുറത്തുനിന്ന് അപ്രതീക്ഷിതമായി അതുവഴി പോയ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥനാണ് യാത്ര ഫ്ലാഗ് ഓഫ് ചെയ്തത്. കടപ്പുറത്തുനിന്ന് വയനാട് ചുരത്തിൻെറ മനോഹാരിതയും കടന്ന് ഗുണ്ടൽപേട്ട-മൈസൂർ-മാണ്ഡ്യ വഴി നേരെ ബംഗളൂരുവിലേക്ക്. തങ്ങൾ താണ്ടിയ വഴികൾ പറയുകയാണ് ഇരുവരും.

" ബാംഗ്ലൂർ ഡെയ്സ് സിനിമയിൽ ഫഹദ് ഫാസിൽ പറയുന്ന ഡയലോഗ് പോലെ 'ഇത് ബംഗളൂരാണ്, ഇവിടെ ആർക്കും ഒന്നിനും സമയമില്ല'. ചീറിപ്പായുന്ന വിവിധതരം വാഹനങ്ങളാണ് ആദ്യം നമ്മുടെ കണ്ണിൽ നിറഞ്ഞുനിൽക്കുക. ഓരോ യാത്രക്കും ഓരോ കാരണമുണ്ടാവുമല്ലോ. അങ്ങനെയുള്ള എണ്ണിയാലൊടുങ്ങാത്ത ഒരുപാട് ജീവിതയാത്രകൾകൊണ്ട് നിറഞ്ഞതായി തോന്നി ബംഗളൂരു നഗരം. അതിഥികളെ സ്വീകരിക്കുന്നതിൽ പേരും പെരുമയുള്ള രാജ്യമാണല്ലോ ഇന്ത്യ. അത് നേരിട്ട് അനുഭവിച്ചുതുടങ്ങിയതും ഇവിടെനിന്നാണ്. ഭക്ഷണവും വേണ്ട സൗകര്യങ്ങളും ഒരുക്കിയാണ് ബംഗളൂരുവിലെ 'സഞ്ചാരി' ഗ്രൂപ് അംഗങ്ങൾ ഞങ്ങളെ സ്വീകരിച്ചത്. ഒരിക്കൽ കണ്ട കാഴ്ചയുടെ ഭംഗി പിന്നെ കാണാൻ സാധിക്കില്ലെന്നാണല്ലോ? ഫോട്ടോ എടുക്കാൻ ആകെ കൈയിൽ കരുതിയിരുന്നത് മൊബൈൽ ഫോണാണ്. പക്ഷേ, സഞ്ചാരി അംഗം മൃദുലചേച്ചി ഞങ്ങൾക്കൊരു ഡിജിറ്റൽ കാമറ സമ്മാനിച്ചു. പരിചയമില്ലെങ്കിലും ഇതൊക്കെയാണ് സ്നേഹത്തിൻെറ വിവിധ ഭാവങ്ങൾക്കെന്ന് തോന്നിക്കുന്നതായിരുന്നു അവരുടെയൊക്കെ പെരുമാറ്റം. ഭക്ഷണവും കഴിച്ച് നേരെ ബംഗളൂരു ഹൈവേയിലൂടെ ബെഗപള്ളി-അനന്തപുർ-സദ്നഗർ വഴി ഹൈദരാബാദിലേക്ക്. താണ്ടിയ 600 കിലോമീറ്ററിൽ മഴ, ചൂട്, തണുപ്പ്, വെയിൽ ഇതിൻെറയെല്ലാം വേറിട്ട ആസ്വാദനമുണ്ടായിരുന്നു. ഒരു ദിവസത്തെ യാത്ര വേണ്ടിവന്നു അവിടെയെത്താൻ. അവിടെ സെക്കന്ദരാബാദ് റെയിൽവേ സ്റ്റേഷനിൽ റൂമെടുത്ത് താമസിച്ചു. ഹൈദരാബാദ് നഗരത്തിൻെറ ഇരട്ടനഗരം എന്നറിയപ്പെടുന്നു സെക്കന്ദരാബാദ്. ബ്രിട്ടീഷ് സൈന്യം തമ്പടിച്ച കൻറോൺമെൻറ് മേഖല വികസിച്ചാണ് സെക്കന്ദരാബാദ് നഗരമായി മാറിയത് എന്ന് ചരിത്രം. കാച്ചി ബിരിയാണി, പെസരാട്ടു, ദിൽ കുഷ്, ചില്ലി സലാൻ, ബോട്ടി കെബാബ്, കോങ്ങുര അച്ചാർ... ഇതൊക്കെയാണ് ഇവിടെ ലഭ്യമാകുന്ന രുചിയാർന്ന ഭക്ഷണത്തിൻെറ നീണ്ടനിരകൾ. ഇതിൽ ബോട്ടി കബാബാണ് സെക്കന്ദരാബാദുകാർക്ക് പ്രിയഭക്ഷണം. ചെറിയ കഷണങ്ങളാക്കിയ മട്ടനിൽ തൈരും ചെറുതാക്കി അരിഞ്ഞ ഉള്ളിയും ചേർത്തുള്ള ഗ്രിൽഡ് ഐറ്റമാണ് ബോട്ടി കബാബ്.

അഞ്ചു മണിക്കൂർ യാത്രയുണ്ട് വിജയവാഡയിലേക്ക്. ആന്ധ്രപ്രദേശിലെ മൂന്നാമത്തെ വലിയ നഗരമാണ് ബേസവാഡ എന്നും അറിയപ്പെടുന്ന വിജയവാഡ. ചെന്നൈ-ഡൽഹി റെയിൽപാതയിൽ സ്ഥിതി ചെയ്യുന്ന ഈ നഗരം ഇന്ത്യൻ റെയിൽവേ സൗത്ത് സെൻട്രൽ റെയിൽവേയുടെ ഏറ്റവും വലിയ ജങ്ഷനാണ്. ഇവിടത്തെ മാങ്ങകളും അച്ചാറും വളരെ പ്രസിദ്ധമാണ്. മാവ്കൃഷിക്ക് വളരെ അനുയോജ്യമായ സ്ഥലമാണ് വിജയവാഡ തീരം. ഒരുപാട് മലയാളികളുള്ള സ്ഥലം. അവിടെയെത്തിയതും പരിചയപ്പെട്ട മലയാളികൾക്ക് കേരളത്തിലെ വിശേഷങ്ങളാണ് ചോദിക്കാനുണ്ടായിരുന്നത്. കൂടുതലും അറിയേണ്ടത് കേരളത്തിലെ രാഷ്ട്രീയത്തെക്കുറിച്ചായിരുന്നു. പച്ചമനുഷ്യരെയാണ് കാണാൻ കഴിഞ്ഞത്. ജീവിക്കാൻവേണ്ടി സ്വന്തം മണ്ണു വിട്ട് ചേക്കേറിയ പച്ചയായ മനുഷ്യർ. അവിടെ കേരള മസ്ജിദിന് സമീപത്തായിരുന്നു മുറിയെടുത്തത്. വിജയവാഡ-വിശാഖപട്ടണം യാത്രക്കിടെ ചേതക് രണ്ടുമൂന്നു തവണ ഓഫായെങ്കിലും യാത്രക്ക് അതൊരു തടസ്സമായി തോന്നിയില്ല. ബംഗളൂരുവിൽനിന്ന് ലഭിച്ച സ്വീകരണത്തിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു വിശാഖപട്ടണത്തു ഞങ്ങൾക്ക് ലഭിച്ചത്. മിലിട്ടറിയിലെ കുറച്ച് മലയാളി സിവിലിയന്മാരുടെ കൂടെയായിരുന്നു ഒരു ദിവസം. അവിടെനിന്നാണ് ഡിസ്പ്ലേ പോയ പഴയ ഐഫോൺ നന്നാക്കുന്നത്. സർവിസ് ചാർജ് കേരളത്തിനെക്കാളും കുറച്ചധികം കുറവാണെന്ന് പറഞ്ഞതുകൊണ്ടാണ് അവിടെനിന്ന് മാറ്റിയത്.

പ്രശസ്തമായ ജഗന്നാഥ ക്ഷേത്രം, വിമല ക്ഷേത്രം, ലിംഗരാജ ക്ഷേത്രം എന്നിവയൊക്കെ സന്ദർശിച്ചുള്ള യാത്രയായിരുന്നു പുരിയിൽനിന്ന് ഒഡിഷ വരെ. മഹാനദി വ്യൂഹം ഉൾപ്പെടെ വലുതും ചെറുതുമായ നിരവധി നദികൾ ഒഡിഷയെ ജലസമ്പുഷ്ടമാക്കുന്നു. മനോഹരമായ കടൽത്തീരങ്ങൾക്കും പ്രശസ്തമാണ് പുരി. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ പുരി കടപ്പുറത്തുനിന്ന് സൂര്യാസ്തമയവും സൂര്യോദയവും കാണാൻ സാധിക്കുന്നു. പ്രശസ്തമായ ജഗന്നാഥ ക്ഷേത്രമുള്ള പുണ്യഭൂമിയായ പുരി ശ്രീക്ഷേത്ര, ശംഖക്ഷേത്ര, പുരി, നീലാചല, നീലാദ്രി, പുരുഷോത്തമ ധാമ, പുരുഷോത്തമക്ഷേത്ര, പുരുഷോത്തമ പുരി, ജഗന്നാഥ പുരി തുടങ്ങിയ പേരുകളിൽ പുരാണങ്ങളിൽ പരാമർശിക്കപ്പെടുന്നു. ഇതെല്ലാം ചരിത്രത്തിലും പുസ്തകങ്ങളിലും ഉണ്ടെങ്കിലും അവിടത്തുകാർക്ക് ഓരോന്നും പറഞ്ഞുതരാൻ വലിയ ആവേശമാണ്. ഉണങ്ങിയതും പച്ചപ്പ് നിറഞ്ഞതുമായ വൈവിധ്യ കാഴ്ചയായിരുന്നു ഒഡിഷ-കൊൽക്കത്ത യാത്രയിൽനിന്ന് ലഭിച്ചത്. നോർത്ത് 24 പർഗാനാസ് ജില്ലയിലായിരുന്നു താമസം. ഒരുവശം കൊൽക്കത്തയുടെ നഗരവും മറുഭാഗത്ത് സുന്ദർബസിലെ നദീതട ഗ്രാമങ്ങളും. കൊൽക്കത്തയിൽനിന്ന് ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനങ്ങളിലൊന്നായ സിക്കിമിലേക്കാണ് യാത്ര. ഹിമാലയ താഴ്വാരങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ ചെറു സംസ്ഥാനം പ്രകൃതിരമണീയ കാഴ്ചകളാൽ സമ്പന്നമാണ്. കാഴ്ച തേടി പ്രത്യേകിച്ചൊരു സ്ഥലത്തേക്ക് പോവേണ്ടതില്ലെന്ന് സാരം. ഇന്ത്യ-ചൈന (നാഥുല പാസ്) ഓൾഡ് സിൽക് റൂട്ട്, അവിടെനിന്ന് നേരെ ബുദ്ധമതക്കാരുടെ നാടായ ഭൂട്ടാനിലേക്ക്. എവിടെ പോയാലും ഒരു മലയാളി ഉണ്ടാകുമെന്ന് പറയുന്നതുപോലെ, കോഴിക്കോട് ജില്ലയിലെ ചെലവൂർ സ്വദേശിയായ സുലാൻ 25 വർഷമായി ഭൂട്ടാനിലെ അതിർത്തിയിൽ കച്ചവടം നടത്തുകയാണ്. കൂട്ടിന് കണ്ണൂരുകാരനായ സാബിത്തും. താമസസൗകര്യവും ഭക്ഷണവുമെല്ലാം അവരുടെ വകയായിരുന്നു."

തളരാത്ത മനസ്സുണ്ടെങ്കിൽ ലക്ഷ്യങ്ങൾ വലുതല്ല എന്നാണ് ഇവരുടെ യാത്ര നമുക്ക് മനസ്സിലാക്കിത്തരുന്നത്. ടൂറിസം വികസനത്തിൻെറ ഭാഗമായി ഇരുചക്ര ദീർഘദൂര യാത്രകൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്പോൺസർമാരെ ലഭിക്കുകയാണെങ്കിൽ ഏഷ്യൻ രാജ്യങ്ങളിലൂടെ ബൈക്കിലൂടെ സഞ്ചരിക്കാനാണ് ഈ ചെറുപ്പക്കാരുടെ അടുത്ത ആഗ്രഹം. കുടുംബത്തിൻെറ മികച്ച പിന്തുണ ഇവർക്ക് യാത്രക്കുള്ള ഊർജമാണ്.

ഓർമ

# പെരുമഴ തന്ന ചങ്ങാതി

**പി. സക്കീർ ഹുസൈൻ**

ചിറക്കൽകുണ്ടിലേക്കുള്ള വഴിനിറയെ വെള്ളമായിരുന്നു. മഴക്കാലത്ത് ഉറവ പൊട്ടും. റോഡ് തോടുപോലെയാകും. വള്ളിച്ചെരുപ്പിൽനിന്ന് വെള്ളം തെറിക്കാതെ ശ്രദ്ധയോടെ നടന്ന് പുഴക്കരയിലെ നിസ്കാരപ്പള്ളിയുടെ അടുത്തെത്താൻ നേരത്താണ് മഴ വന്നത്. കുടയെടുത്തില്ലല്ലോ എന്ന് സങ്കടപ്പെടാൻ സമയം തരാതെ മഴ ഒറ്റപ്പെയ്ത്തായിരുന്നു. നനയാതിരിക്കാൻ എവിടേക്ക് ഓടിക്കയറണമെന്ന് നോക്കുമ്പോഴാണ് ആ ചെറിയ കുടിലുകണ്ടത്. അതിനുമുമ്പും ആയിശമ്മായിൻെറ വീട്ടിൽ വന്നിട്ടുണ്ടായിരുന്നെങ്കിലും അപ്പോഴൊന്നും ആ 'കുടി' കണ്ടിരുന്നില്ലല്ലോ എന്നോർത്ത് മഴത്തുള്ളികൾ ഇറ്റുവീണ് നിറയെ കുഴികളുണ്ടായ മൺവരാന്തയുടെ ഓരത്തുനിന്നു. ഓടകൊണ്ട് (ഈറ്റ) മാത്രമായി ഉണ്ടാക്കിയൊരു കുടിൽ. ഈറ്റയിലകൾകൊണ്ടാണ് മേഞ്ഞിരിക്കുന്നത്. ഈറ്റകൊണ്ട് നെയ്ത പനമ്പുകൾകൊണ്ട് നാലുഭാഗവും മറച്ചിരിക്കുന്നു. മുൻഭാഗം ഒഴിച്ചിട്ടിരിക്കുന്നു. അതാണ് പൂമുഖം.



● ചിത്രീകരണം: കെ. സുധീഷ്

മഴ പെയ്യുകതന്നെയായിരുന്നു, തുള്ളിക്കൊരു കുടം പോലെ. കുപ്പായവും നിക്കറും നനഞ്ഞിരുന്നു. പൂമുഖമെന്ന് തോന്നിക്കുന്ന ഭാഗത്തുനിന്ന് വിളിക്കുന്നത് കേട്ടു-മാപ്ലക്കുട്ട്യേ... അകത്ത് കയറിക്കോളീം...

കൈതയോല മെടഞ്ഞുണ്ടാക്കിയ പായയിൽ രണ്ടു കാലും നീട്ടിവെച്ച് ഇരിക്കുന്ന വൃദ്ധയെ അപ്പോഴാണ് കണ്ടത്. വെറ്റിലക്കറ പുരണ്ട പല്ലുകൾ കാട്ടി അവരെന്നോട് വാത്സല്യത്തോടെ ചിരിച്ചു. ഓടമുറിച്ച് നേർപ്പിച്ചെടുത്ത ചീളുകൾകൊണ്ട് കുട്ട മെനയുകയായിരുന്നു അവർ. ഇങ്ങനെയുണ്ടാക്കിയ കുട്ടകളും മുറങ്ങളും പായകളുമായി ഇടക്ക് വീട്ടിൽ വരാറുള്ള തെയ്യനെ കണ്ടിട്ടുണ്ട്. വല്യുപ്പ വീട്ടിലുണ്ടെങ്കിൽ മുറമോ കൊട്ടക്കൈലോ വാങ്ങും. ചിലപ്പോൾ ആവശ്യമുണ്ടാവില്ല. എങ്കിലും വാങ്ങും- അയ്റ്റേക്ക് ഒരു സകായം അയ്ക്കോട്ടെ.... വല്യുപ്പ അങ്ങനെയാണ് പറയാറ്.

അവർ കുട്ട മെടഞ്ഞ്, ചെറിയ പായ നെയ്യാൻ തുടങ്ങിയിരിക്കുന്നു. അവരുടെ കാതിൽ കല്ലുവെച്ച വലിയൊരു കമ്മൽ. ചുവന്ന കല്ലിൻെറ ഭാരം കൊണ്ടാവണം -കാതുകൾ തൂങ്ങിയാടിയിരുന്നു.

നിൽക്കുകയായിരുന്ന എന്നെ നോക്കി അവർ അകത്തേക്ക് നീട്ടിവിളിച്ചു -രാമങ്കുട്ട്യേ... ആ പലക ഒന്ന് ഇങ്ങട്ട് കൊണ്ടര്... ഈ കുട്ടി ഇരുന്നോട്ടെ... രാമങ്കുട്ടി പലകയുമായി വന്നു. എന്നോളം ഉയരവും എന്നെക്കാൾ തടിയുമുണ്ട് രാമങ്കുട്ടിക്ക്. മുശിഞ്ഞ വള്ളിനിക്കറാണ് വേഷം. മൂക്കിൽനിന്ന് മൂക്കിളയൊലിക്കുന്നു. എണ്ണ തേക്കാത്ത ചെമ്പിച്ച മുടി വളർന്നിരിക്കുന്നു. രാമങ്കുട്ടി പലക നിലത്തുവെച്ചു. ഇരിക്ക്.. അവൻ പറഞ്ഞു. എനിക്ക് അഭിമുഖമായി അവൻ പായയിൽ ഇരുന്ന് നിറയെ സ്നേഹത്തോടെ ചിരിച്ചു. എത്രാം ക്ലാസിലാ? അവൻ ചോദിച്ചു.

മൂന്ന് ബിയിൽ -ഞാൻ പറഞ്ഞു.

ഞാൻ എ ക്ലാസിലാ.... രാമങ്കുട്ടി പറഞ്ഞു.

മഴപ്പെയ്ത്ത് തുടർന്നുകൊണ്ടിരിക്കെ പണത്തുമ്മൽ പള്ളിയിൽനിന്ന് മുക്രി മയമ്മാലി കാക്ക അസർ വാങ്ക് കൊടുക്കുന്നതുകേട്ടു.

പൂമ്പാറ്റ കണ്ട്ക്ക്ണാ...? അമർ ചിത്രകഥീം ഉണ്ട്... രാമങ്കുട്ടി പറഞ്ഞു.

അതുവരെയും അങ്ങനെയൊന്നിനെക്കുറിച്ച് കേട്ടില്ലല്ലോ എന്ന് ഞാൻ മൗനത്തിലായി.

രാമങ്കുട്ടി അകത്തുപോയി രണ്ട് പുസ്തകങ്ങളുമായി വന്നു. മദ്റസയിലെ ദീനിയാത്തിൻെറയും അമലിയ്യാത്തിൻെറയും ബുക്കിൻെറ വലുപ്പത്തിലുള്ളവ. പക്ഷിയുടെ ചിത്രമാണ് പുറംചട്ട.

മറിച്ചു നോക്ക്- രാമങ്കുട്ടി പുസ്തകങ്ങൾ നീട്ടി. ഞാനത് മറിച്ചുനോക്കി. കഥകളും ചിത്രകഥകളുമെല്ലാമായി നല്ലരസമുണ്ട് കാണാൻ. പേജുകൾ മറിച്ച് കപീഷ് എന്ന കഥയിലെത്തി. ചിത്രങ്ങൾ നിറയേയുള്ള പേജ് വായിക്കാൻ തുടങ്ങി. നല്ലരസം. കപീഷിൻെറ വാലുകൾ നീളുന്നു. മാന്ത്രികശക്തിയുള്ള കുരങ്ങൻ.

കട്ടൻചായ മാണോ... അകത്തുനിന്ന് ചോദിക്കുന്നതുകേട്ടു. എൻെറ മറുപടി കാക്കാതെ അരിമണി വറുത്തിട്ട ചായയുമായി ഒരു സ്ത്രീ. ഗ്ലാസിൽനിന്ന് ആവി പൊന്തുന്നു.

അമ്മയാ... രാമങ്കുട്ടി പറഞ്ഞു. അത് മുത്തശ്ശി...

അമ്മയും കല്ലുവെച്ച കമ്മലിട്ടിട്ടുണ്ട്. മുത്തശ്ശിയുടെ പോലെ കാതുകൾ തൂങ്ങിയിട്ടില്ല.



മഴയുടെ തണുപ്പിൽ കട്ടൻചായക്ക് നല്ല രുചി. ഞാനത് കുടിച്ചുതീരുമ്പോഴേക്കും മഴ നിന്നു.

കുട്ടി എവട്ക്ക് വന്നതാ? മുത്തശ്ശി ചോദിച്ചു.

ബീരാൻറീം ഗഫൂറിൻറീം കുടീക്ക്.... ഇൻെറ അമ്മായിനെ കെട്ടിച്ചത് അങ്ങട്ക്കാ... ഞാൻ പറഞ്ഞു.

ആലിക്കുട്ടി മാപ്ലൻെറ പേരക്കുട്ട്യാ ഇയ്യ്?

അതെ എന്ന് ഞാൻ തലകുലുക്കി. ഇറങ്ങാൻ നേരം രാമങ്കുട്ടി എൻെറ കൈയിൽ പിടിച്ചു. ഇതും കൊണ്ടയ്ക്കോ... വായിച്ചിട്ട് തന്നാ മതി.

ഞാനത് വാങ്ങി കുണ്ടനിടവഴിയിലൂടെ മുകളിലേക്ക് ഓടി... വായനയുടെ വർണലോകത്തേക്കുള്ള താക്കോലായിരുന്നു രാമങ്കുട്ടി സമ്മാനിച്ചത്.

വായന തീർത്ത കഥാപുസ്തകം സ്കൂളിലേക്ക് കൊണ്ടുപോയി. മൂന്ന് എ ക്ലാസിൽ ചെന്ന് രാമങ്കുട്ടിയെ കണ്ടുപിടിച്ചു.

ഇഷ്ടായോ കഥാപുസ്തകം...?

ഉം...

വേറൊന്ന് കൊണ്ടന്ന്ട്ട്ണ്ട്... വായിച്ചിട്ട് തന്നാ മതി... മൊയ്തീനും ജോസും അബ്ദുവുമൊക്കെയുള്ള ചങ്ങാതിക്കൂട്ടത്തിലേക്ക് അന്നുമുതൽ രാമങ്കുട്ടികൂടി ഇടംപിടിച്ചു. നന്നായി പദ്യംചൊല്ലുമായിരുന്നു രാമങ്കുട്ടി.. പാട്ടും പാടും... സ്കൂളിലെ ഒരു അനുമോദന യോഗത്തിലാണ് അവൻ പാടുന്നതുകേട്ടത്... "കൃഷ്ണാ... നീയെവിടെ..." എന്ന് മനോഹരമായി പാടുന്നു. മൂക്കട്ടയൊലിക്കുമ്പോൾ അതൊന്ന് മുകളിലേക്ക് വലിച്ച് പാട്ട് തുടരുന്നു...

നാലാം ക്ലാസിലും ഞങ്ങൾ ചങ്ങാതിമാരായിരുന്നു. ഞാനും കഥാപുസ്തകങ്ങൾ വാങ്ങാൻ തുടങ്ങി. രാമങ്കുട്ടി പൂമ്പാറ്റ വാങ്ങിയാൽ ഞാൻ അമർചിത്രകഥ വാങ്ങും. ചിലപ്പോഴവൻ മലർവാടി വാങ്ങും. ഞാൻ ലാലു ലീലയും. ലാലുലീലയിലെ ഭാസി ബഹദൂർ ചിത്രകഥയായിരുന്നു എനിക്കിഷ്ടം.. വായിച്ച് ചിരിക്കാൻ ഭാസിയുടെയും ബഹദൂറിൻെറയും കുറെ മണ്ടത്തരങ്ങൾ. മലർവാടിയിൽ പൂച്ചപ്പോലീസിൻെറ വീരകഥകൾ...

ഞങ്ങളുടെ പുൽവെട്ട സ്കൂളിൽ നാലുവരെയേ ക്ലാസുള്ളൂ. അഞ്ചു മുതൽ പഠിക്കാൻ കേമ്പിൻകുന്ന് ഹൈസ്കൂളിൽ ചേരണം. വല്യുപ്പതന്നെയാണ് ടി.സി വാങ്ങി ചേർക്കാൻകൊണ്ടുപോയത്. പേരു ചേർക്കുമ്പോൾ അറബിയോ മലയാളം ക്ലാസോ എന്ന് ചോദിച്ചു. രാമങ്കുട്ടിയുടെ കൂടെ പഠിക്കണമെങ്കിൽ മലയാളം വേണം. ഞാൻ മലയാളം ക്ലാസ് മതിയെന്ന് പറഞ്ഞു.

ഫീസടച്ച് ചേർന്ന് തിരിച്ചു വരുമ്പോഴാണ് മൊയ്തീനെ കണ്ടത്. അവനെയും ചേർക്കാൻ കൊണ്ടുവന്നതാണ്.

ഇജ്ജ് അറബിയാ മലയാളാ ചേർന്നത്?

മലയാളം എന്ന് പറഞ്ഞപ്പോൾ മൊയ്തീൻ പറഞ്ഞു-അതേയ്... മലയാളം എട്ത്താ 24 വരിയൊക്കെയുള്ള പദ്യം കാണാതെ പടിക്കേണ്ടേരും... എന്തിനാ വെറ്ത് സുയിപ്പ്ണ്ടാക്ക്ണ്...

എനിക്ക് പേടിയായി. 24 വരി പദ്യമോ... ഞാൻ വല്യുപ്പയോട് പറഞ്ഞു, ഇച്ചും അറബി മതി...

കുറെ കുട്ടികൾ പഠിക്കുന്ന വലിയ സ്കൂളായിരുന്നു കേമ്പിൻകുന്ന് ഹൈസ്കൂൾ. രാമങ്കുട്ടിയെ ഇൻറർവെൽ സമയത്ത് കാണും. എൻെറ ക്ലാസ് തകരക്കെട്ടിടത്തിലായിരുന്നു. മലബാർ കലാപ കാലത്ത് ബ്രിട്ടീഷു പട്ടാളത്തിന് താമസിക്കാൻ ഉണ്ടാക്കിയ കെട്ടിടമാണത്. കാലം കഴിഞ്ഞപ്പോൾ അത് ക്ലാസ് മുറിയായി. രാമങ്കുട്ടിയുടെ ക്ലാസ് കുന്നത്തുള്ള ഓടിട്ട കെട്ടിടത്തിലും...

ഏഴാം ക്ലാസിലെത്തിയതോടെ എന്നെ ചെമ്മാട് പഠിക്കാൻ ചേർത്തു. രാമങ്കുട്ടിയോട് യാത്രപറയുമ്പോൾ ഞങ്ങൾ രണ്ടുപേരുടെയും കണ്ണ് നിറഞ്ഞു. അപ്പോഴും അവൻ എനിക്കൊരു കഥാപുസ്തകം തന്നു, അവൻ തന്നെ മെടഞ്ഞുണ്ടാക്കിയ ഇത്തിരിപ്പോന്നൊരു കുട്ടയും.

അതിൽപിന്നെ രാമങ്കുട്ടിയെ കണ്ടില്ല. എൻെറ നാട്ടിൽ വരവ് മാസത്തിലൊരിക്കലുമായി. ഇടക്കെപ്പോഴോ അവൻെറ കുടുംബത്തിലൊരാൾ മതം മാറിയ വാർത്ത കേട്ടു; ആ വിഷമത്തിൽ ആ കുടുംബത്തിലെ ഒരാൾ തൂങ്ങിമരിച്ചെന്നും.

പിന്നെയൊരിക്കൽ ചിറക്കൽകുണ്ടിൽ പോയപ്പോൾ അവൻെറ കുടിൽതന്നെ ഉണ്ടായിരുന്നില്ല. അത് പൊളിച്ചുമാറ്റിയിരുന്നു. അവിടെ മണ്ണുകട്ടകളും കല്ലും ചേർത്ത് പുതിയൊരു വീട് ഉയരുന്നു.

ഓലൊക്കെ ഇവട്ന്ന് പോയി -അമ്മായി പറഞ്ഞു. ഇപ്പോ തുവ്വൂരാണെന്നാ കേട്ടത്... തുവ്വൂരിലെ യാത്രകളിൽ രാമങ്കുട്ടിയെ തേടിയെങ്കിലും കാണാനായില്ല. എൻെറ എല്ലാ മഴക്കാലവും രാമങ്കുട്ടിയുടെ ഓർമകളോടെയാണ് പെയ്യുക. അവനിപ്പോൾ എവിടെയാകും? •

## കത്തുകൾ



### അവരും കാണട്ടെ, ലോകത്തിൻെറ സൗന്ദര്യം

പ്രതീക്ഷകളുടെ വിഹായസ്സിൽ വിഹരിച്ചുനടക്കുന്ന ഒരമ്മയുടെയും മകൻെറയും സ്വപ്നസമാനമായ സഞ്ചാര അനുഭവങ്ങൾ (സ്വപ്നസഞ്ചാരികൾ, സി.വി. സിനിയ, വാരാദ്യ മാധ്യമം, ലക്കം 1576 ) ഏതൊരു വായനക്കാരനെയും പ്രചോദിപ്പിക്കുന്നതും പ്രത്യാശാഭരിതനാക്കുകയും ചെയ്യുന്നതാണ്.

ഫീച്ചർ വായിച്ചപ്പോൾ വീണ്ടും യാത്രചെയ്യാൻ മനസ്സ് വെമ്പൽകൊള്ളുകയാണ്. ഇത്തരം ഫീച്ചറുകൾ വീടിൻെറ മതിൽക്കെട്ടിനുള്ളിൽ പുറംലോകം കാണാതെ കഴിയുന്ന മാതാപിതാക്കളെ ലോകത്തിൻെറ സൗന്ദര്യം കാണിക്കാൻ മക്കൾക്ക് പ്രചോദനമാകുന്നതാണ്.

മിർസാഹിദ്. യു.കെ
മഞ്ചേശ്വരം

### ഹൃദ്യം ഈ സഞ്ചാരം

'സ്വപ്നസഞ്ചാരികൾ' അതീവ ഹൃദ്യമായി. പ്രായമാവുമ്പോഴേക്കും മാതാപിതാക്കൾ വീടിനു ഭാരമാവുകയും വൃദ്ധസദനങ്ങളിലേക്ക് കാണിക്കയായി സമർപ്പിക്കപ്പെടുകയുംചെയ്യുന്ന ന്യൂജൻ കാലഘട്ടത്തിൽ, സ്നേഹത്തിൻെറ വാതായനങ്ങൾ സ്വന്തം അമ്മക്കു മുമ്പിൽ മലർക്കെ തുറന്നുകൊണ്ട് കാശി ഹരിദ്വാർ, ഋഷികേഷ്, കേദാർനാഥ്, ഷിംല, മണാലി തുടങ്ങിയയിടങ്ങളിലൊക്കെ പെറ്റമ്മയെയുംകൊണ്ട് വിസ്മയ യാത്രക്ക് തയാറായ ശരത്തും ഇതൊക്കെ ജീവിത സാഫല്യമായി കണ്ട അമ്മ ഗീതയും നന്മയുടെയും പുത്രവാത്സല്യത്തിൻെറയും മകുടോദാഹരണങ്ങളായി മാറുന്നു.

വി.പി. ഉസ്മാൻ, താമരശ്ശേരി

### സ്വപ്നസമാനം തന്നെ

സമൂഹമാധ്യമങ്ങൾ വഴിയാണ് ആദ്യം ഗീതയെയും മകൻ ശരത്തിനെയും അവരുടെ സഞ്ചാരങ്ങളെയും അറിഞ്ഞത്. അന്ന് വായിച്ചതിൻെറ വിശദാംശങ്ങൾ അറിഞ്ഞത് വാരാദ്യമാധ്യമത്തിലൂടെയാണ്. അത്ഭുതമാണ് ഈ അമ്മയും മകനും. രണ്ടു കാര്യങ്ങൾ ഞാൻ ഓർത്തുപോയി. ഒന്ന്, കൂട്ടുകാരും സഹപ്രവർത്തകരും എല്ലാമുണ്ടായിട്ടും ഇത്രയുംവലിയ യാത്രക്ക് സഹയാത്രികയായി ഒരു മകൻ തൻെറ അമ്മയെ തെരഞ്ഞെടുത്തു. രണ്ട്, 60 കാരിയായ ഒരു ശരാശരി വീട്ടമ്മക്ക് എങ്ങനെയാണ് ഇത്തരം ഒരു സാഹസിക സഞ്ചാരം സാധ്യമാകുന്നത് എന്ന്. ഈ രണ്ട് കാരണങ്ങൾകൊണ്ടാണ് അത്ഭുതകരം എന്ന് തുടക്കത്തിൽ എഴുതിയത്.

കൃഷ്ണപ്രസാദ്. പി
ചെറുതുരുത്തി, തൃശൂർ

### മുടിയേറ്റിൻെറ ചരിത്രം

ലക്കം 1576 വാരാദ്യമാധ്യമത്തിൽ അനിത. എസ് എഴുതിയ ഫീച്ചർ 'മുടിയേറ്റിൻെറ രൗദ്രഭാവങ്ങൾ' മികച്ചതായിരുന്നു. മുടിയേറ്റിൻെറ ചരിത്ര പശ്ചാത്തലവും ചിട്ടവട്ടങ്ങളും മനസ്സിലാക്കാൻ ഫീച്ചർ സഹായിച്ചു.

ജസീൽ പി. മില്ലുമുക്ക് വയനാട്

വാരാദ്യ മാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

### സാഹിത്യ ശിൽപശാല

മടപ്പള്ളി ഗവ. കോളജ് മലയാള വിഭാഗം അറുപതാം വാർഷികാഘോഷത്തിൻെറ ഭാഗമായി ഊരാളുങ്കൽ കോഓപറേറ്റിവ് സൊസൈറ്റിയുടെ വാഗ്ഭടാനന്ദ വിദ്യാഭ്യാസ പദ്ധതിയുമായി ചേർന്ന് സംസ്ഥാനത്തെ കോളജ് സർവകലാശാല വിദ്യാർഥികൾക്കായി മൂന്നുദിവസത്തെ സാഹിത്യ ശിൽപശാല സംഘടിപ്പിക്കുന്നു. കൽപറ്റ നാരായണനാണ് ക്യാമ്പ് ഡയറക്ടർ. സെപ്റ്റംബർ ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ നടക്കുന്ന ക്യാമ്പിൽ സർവകലാശാല/കോളജ്/സമാന്തര കോളജ് വിദ്യാർഥികൾക്ക് പങ്കെടുക്കാം.

താൽപര്യമുള്ളവർ രചനയുടെ (കവിത/ചെറുകഥ/നോവൽ ഭാഗം/തിരക്കഥ ഭാഗം മുതലായവ) ഒരു പ്രതി സഹിതം സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തോടെ ആഗസ്റ്റ് 25ന് മുമ്പായി രാജേന്ദ്രൻ എടത്തുംകര, മലയാള വിഭാഗം, ഗവ. കോളജ് മടപ്പള്ളി, മടപ്പള്ളി കോളജ് പി.ഒ, വടകര 673102 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ: 9495031956.

കഥ



● ചിത്രീകരണം: ജലാൽ അബൂസമ

# പൂജു പറഞ്ഞ കള്ളം

പി.കെ. സുധി

എന്റെ വീട്ടുടമയുടെ ചെറുകുട്ടികൾ ചിലപ്പോഴൊക്കെ അവിടേക്ക് വിരുന്നുവരാറുണ്ട്. എന്നാലും, അവരൊന്നും മുകൾനിലയിലെ എന്റെ വാടകമുറിയിലേക്ക് വരില്ല. വീടിനു പിറകിലെ എന്റെ മുറിയിലേക്കുള്ള ഗോവണിയുടെ ഭാഗത്തുപോലും അവർ നോക്കാറില്ല. വലിയ അകലം അവർ സൂക്ഷിക്കുന്നതായി എനിക്ക് തോന്നിയിരുന്നു. വീടും കുടിയുമൊന്നുമില്ലാത്തവൻ. തങ്ങളുടെ മുത്തച്ഛന്റെ ഔദാര്യത്തിൽ കഴിയുന്നു. അത്തരമൊരു ഭാവമായിരുന്നു ആ കുട്ടികൾക്കുണ്ടായിരുന്നത്. വീട്ടുടമയുടെ മൂത്തമകളുടെ മകളായ പൂജശ്രീയെത്തിയത് ഗൾഫിൽ നിന്നായിരുന്നു. അവൾ അഞ്ചാം ക്ലാസിലാണ് പഠിക്കുന്നതെന്ന കാര്യം അവരുടെ വർത്തമാനങ്ങളിൽനിന്ന് തെറിച്ചുവീണാണ് ഞാൻ മനസ്സിലാക്കിയത്.

പൂജശ്രിയെ അവളുടെ മുത്തശ്ശി പൂജു എന്നാണ് കൊഞ്ചിച്ചു വിളിച്ചത്. ഞാനുമവളെ മനസ്സിൽ അങ്ങനെ വിളിച്ചു. എനിക്ക് കുട്ടികളെ വലിയ ഇഷ്ടമായിരുന്നു. എന്നാൽ, അവരെന്നോട് ഒന്നിണങ്ങിയാലല്ലേ ചങ്ങാത്തത്തിന് സാധ്യതയുള്ളൂ. അവർ അകലം പിടിക്കുന്നതിനുപിന്നിൽ മുതിർന്നവരുടെ വിലക്കുകളുടെ ചരടുകളുമുള്ളതായി എനിക്ക് തോന്നിയിരുന്നു. പൂജുവിന് വളരെ കൗതുകമുള്ള ഒരു പാവയുണ്ടായിരുന്നു. ആരോ സമ്മാനമായി കൊടുത്ത അതിനെ കാണുമ്പോഴൊക്കെ ഒരു കളിപ്പാട്ടവുമില്ലാതിരുന്ന എന്റെ ബാല്യകാലത്തെ ഞാനോർത്തുപോകും. ഇത്രയും മുതിർന്നില്ലേ! എന്നിട്ടും കുട്ടികളുടെ മാതിരി അതിലൊന്നു തൊടാൻ ഞാൻ വല്ലാതെ കൊതിച്ചുപോയി. ആ കളിപ്പാട്ടം പങ്കിട്ട് അവളോടൊത്ത് കളിക്കാൻ ഞാനേറെ ആഗ്രഹിച്ചു. എന്നാൽ, പൂജുവും ആ വീട്ടിലെത്തുന്ന മറ്റു കുട്ടികളുടെ മാതിരിയായിരുന്നു. എന്നെ കണ്ട ഭാവംപോലും ഒരിക്കലും പ്രകടിപ്പിച്ചില്ല. എന്റെ മുഖമൊക്കെ ചുളിഞ്ഞ് നര കയറിയത് ഏതോ കുറ്റം മാതിരിയാണ് മറ്റു കുഞ്ഞുങ്ങളെപ്പോലെ പൂജുവും കരുതിയത്.

ഒരുദിവസം അവൾ മുകൾനിലയിൽ കയറി വന്നു. പാദസരം കോണിപ്പടിയിൽ കിലുങ്ങുന്ന ഒച്ചകേട്ടപ്പോൾതന്നെ ഞാനുറപ്പിച്ചു; അത് പൂജുവായിരിക്കുമെന്ന്. എനിക്കതിശയമായി. അവളെന്തിനാണ് ഈ മുറിയിലേക്കു വരുന്നത്? എന്റെ മുറിയിലെ അലങ്കോലപ്പെട്ട അവസ്ഥയിൽ ഞാനാദ്യമായി ലജ്ജിച്ചു. തീരെ താണവനായി അവളെന്നെ വിലയിരുത്തുമെന്ന് ഞാൻ കരുതി. ചപ്പും ചവറുമൊക്കെ മാറി മുറി ഒരു നിമിഷനേരത്തിനുള്ളിൽ മനോഹരമായെങ്കിൽ! ഞാനങ്ങനെ കൊതിച്ചുപോയി.

'സാറേ, ഇതിവിടെ സൂക്ഷിച്ചോളൂ കേട്ടോ. അടുത്തയാഴ്ച അമ്മ തിരികെ ഗൾഫിനു പോണു. ഇവളെ അമ്മയോടൊത്ത് കൊടുത്തു വിടണം. ഞാനില്ലാതെ ഇവൾ കരയാതെ അവിടെ നിൽക്കുമോ എന്നറിയണമല്ലോ; ഒരെക്സ്പെരിമെൻറ്. ഉറക്കത്തിൽ കരയുകയാണെങ്കിൽ ഇങ്ങനെ ചെറുതായി തട്ടിക്കൊടുത്താൽ മതി.' അമ്മമാർ കുട്ടികളെ ഉറക്കുന്നതു മാതിരി. അവളതിന്റെ തുടയിൽ പതിയെ തട്ടിക്കാണിച്ചു.

ഞാൻ പകച്ചുപോയി. അവളെനിക്ക് നീട്ടിയത് ആ പാവയായിരുന്നു. ഇവൾ നമ്മുടെ നാട്ടിലെ കുട്ടികളെ മാതിരിയൊന്നുമല്ല. ഒന്നുരണ്ട് വാക്കുകളിൽനിന്ന് അവളുടെ രീതികൾ ഞാനളന്നെടുത്തു. കൂടുതൽ സംസാരിക്കാൻ നിൽക്കാതെ കുട്ടികൾക്ക് ഇണങ്ങാത്ത അധികാരഭാവത്തോടെ അവളിറങ്ങിപ്പോയി. അവളുടെ പെരുമാറ്റത്തിലെ അസ്വാഭാവികതകളെ ഞാൻ ശ്രദ്ധിക്കാൻ നിന്നില്ല.

അവൾ വെച്ചുപോയ പാവയെ വേഗത്തിൽ ചെന്നു ഞാൻ തൊട്ടു. മറ്റാരുമില്ലാത്ത മുറിയിൽ ഞാനൊരു കുട്ടിയായി. മുതിർന്നപ്പോൾ മാത്രം ബാല്യം തിരികെ കിട്ടിയ കുട്ടി. അതിനുശേഷം പൂജുവിനെ ഞാനെന്തു മാത്രം ഇഷ്ടപ്പെട്ടുവെന്നോ. അവൾ എനിക്ക് വർഷങ്ങൾക്കു മുമ്പ് കളഞ്ഞുപോയ ബാല്യത്തെ തിരികെ തന്നിരിക്കുന്നു. ഗൾഫുപോലുള്ള മഹാനഗരത്തിലെ കുട്ടികൾക്ക് അതിശയങ്ങൾ ചെയ്യാൻ കഴിയുമെന്ന് ഞാൻ കരുതിപ്പോയി. പൂജുവിന്റെ ചെറിയമ്മയുടെ കുട്ടികൾ അടുത്ത ദിവസങ്ങളിൽ അവിടെ എത്തി. അവരാരെങ്കിലും തന്റെ പാവയെ കേടുവരുത്തിയെങ്കിലോ? അവരിൽ നിന്ന് ഇതൊളിപ്പിക്കാൻ പറ്റിയ സ്ഥലമായി അവളെന്റെ മുറിയെ കണ്ടിരിക്കുന്നു. അതാണ് അതുമായി മുകളിൽ കയറിവരാനുണ്ടായ കാരണം. എനിക്ക് തീർച്ചവന്നു. അവൾ വല്ലാത്ത ബുദ്ധിയാണ് കാണിച്ചത്. എന്നാലും അക്കാര്യം മനസ്സിലാക്കിയതായി ഞാൻ ഭാവിച്ചില്ല.

പുറത്തുവെച്ചു കണ്ടപ്പോഴും അത്തരമൊരു ഉരുപ്പടി എന്റെ മുറിയിൽ വെച്ചിരിക്കുന്നു എന്ന ഭാവമൊന്നും കാണിക്കാതെ അവൾ പുതിയ വിരുന്നുകാരായ കുട്ടികളോടൊത്ത് കളികളിൽ മുഴുകി. അവരുമെന്നെ ഒന്നുമില്ലാത്തവൻ എന്ന ഭാവത്തോടെയാണ് വീക്ഷിച്ചത്, തീർച്ച.

ഇന്നലെ രാത്രിയിൽ കുട്ടി നിലവിളിച്ചു. മൂത്രമൊഴിച്ചു. പൂജുക്കൊച്ചിനെ കാണാതെ വിതുമ്മി. ആ പാവക്കുട്ടിയെക്കുറിച്ച് അങ്ങനെയൊക്കെ പൂജുവിനോട് പറയണമെന്ന് എനിക്ക് തോന്നിയെങ്കിലും ഞാൻ മിണ്ടിയില്ല. കാരണം പൂജുവിന്റെ രീതികളൊന്നും കുട്ടികൾക്ക് ഇണങ്ങുന്നവയായിരുന്നില്ല. കുഞ്ഞുങ്ങൾക്ക് ഇത്രയും ഗൗരവം പാടില്ല.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ വിരുന്നുകാരായ കുട്ടികൾ മടങ്ങി. പിന്നാലെ പൂജുവിന്റെ അമ്മ വിദേശത്തേക്കും. അമ്മക്കൊപ്പം പാവ ഗൾഫിലേക്ക് പറന്നില്ല. പൂജുവിന്റെ അവധി തീർന്നു. അവളുടെ സ്കൂൾ തുറക്കാൻ പോകുന്നു. അവളൊറ്റക്കാണ് വിദേശത്തേക്ക് വിമാനം കയറുന്നത്.

ഒരുപക്ഷേ അവളാ പാവയെ ഒപ്പം കൊണ്ടുപോകുന്നില്ലെങ്കിലോ? നല്ല തണുപ്പുള്ള ദിവസങ്ങളിൽ ചൂടുകൊടുക്കാൻ ഞാനതിനെ നെഞ്ചോടു ചേർത്തു. അന്നത്തെ ദിവസം ഞാനൊരു പാവയെ വാങ്ങി. അത്ര വിലയില്ലാത്ത നാടനൊരെണ്ണം. അതിനെ പൂജുവിന്റെ പാവയുടെ അടുത്ത് കിടത്തിയപ്പോഴാണ് അവർ തമ്മിലുള്ള അന്തരം എനിക്ക് വ്യക്തമായത്. പൂജുവിന്റെ പാവക്ക് ആ കൂട്ട് തീരെ ഇണങ്ങുന്നുണ്ടായിരുന്നില്ല. അതു വേണ്ടായിരുന്നു എന്നെനിക്ക് തോന്നി. ഒടുവിൽ അവൾ പോകാനൊരുങ്ങി. പാവയെ തിരികെ എടുക്കാൻ പൂജു എന്റെ മുറിയിൽ വന്നു. അപ്പോഴും പാവയെ ഒളിപ്പിക്കുന്നതിനുവേണ്ടി അവൾ പറഞ്ഞ കള്ളത്തെക്കുറിച്ച് ഞാൻ ചോദിച്ചില്ല. •

വായന

# പ്രവാസിയും ബ്രഹ്മരക്ഷസ്സും

സി.പി. ചെങ്ങളായി

അതിജീവനത്വരയാണ് മലയാളിയുടെ ഏറ്റവും വലിയ നിസ്സഹായത. പുഴകൾ, കുന്നുകൾ, പാടങ്ങൾ, മൺസൂൺ സമ്പന്നത, ജൈവവൈവിധ്യങ്ങളുടെ കലവറ ഇവയൊക്കെ ഉപേക്ഷിച്ച് ഏതു പച്ചപ്പുതേടിയാണ് മലയാളികൾ കടൽകടന്നുപോയത്. പ്രവാസം ഒരു യുദ്ധമാകുമ്പോൾ പൊരുതിജയിക്കാൻ കഴിയാത്തവരാണ് ഭൂരിഭാഗവും. അതിജീവനത്തിന്റെ നിസ്സഹായാവസ്ഥയിൽ അകപ്പെട്ടുപോയവർ. ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'ബ്രഹ്മരക്ഷസ്സ്' എന്ന സോഷ്യോ-ഹൊറർ നോവൽ പ്രവാസിയുടെ വേറിട്ടൊരു തലമാണ് അനാവരണം ചെയ്യുന്നത്. യുക്തിവാദം നെഞ്ചിലേറ്റി നടന്ന വിലയംകടവുകാരനായ ശീനിവാസന് തന്റെ വിശ്രമകാലത്ത് വിവേകശക്തിയും വിചാരശീലവും നഷ്ടപ്പെട്ടുപോയ ദയനീയാവസ്ഥയുടെ കഥ. ഓരോ പ്രവാസിക്കുമുള്ള മുന്നറിയിപ്പുകൂടിയാണ് ഈ നോവൽ.

"മരുഭൂമി തീക്ഷ്ണസൗന്ദര്യമുള്ള ദേവതയും യക്ഷിയുമാണ്. പെയ്തിറങ്ങുന്ന മഞ്ഞിനെയും തിളക്കുന്ന വെയിലിനെയും അത് ഒരു കൈയാൽമൂടി ഉമ്മവെക്കുന്നു. ഈന്തപ്പനകളിലെ കുലകളെ അതിന്റെ അഗ്നിച്ചുണ്ടുകളാൽ ഊതിയൂതി പഴുപ്പിക്കുന്നു."

ഋതുഭേദങ്ങളുടെ തുടക്കത്തിലെ പൊടിക്കാറ്റും അതിശൈത്യവും കഠിനമായ ചൂടും വകവെക്കാതെ തുരുമ്പിച്ച ആയുധങ്ങളുമായി രണഭൂമിയിൽ ശത്രുപക്ഷംപോലുമില്ലാതെ നിലയുറപ്പിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യർ. ആഗ്രഹിക്കുമ്പോൾ ചിലനേരം നിർഭാഗ്യങ്ങൾപോലും അവനെ കൈയൊഴിയുന്നു. മറ്റുള്ളവർക്കുവേണ്ടിയാണ് ഇങ്ങനെ ജീവത്യാഗം ചെയ്യുന്നതെങ്കിലും അന്യതാബോധം എവിടെയും അവനെ പിന്തുടരുന്നു. അന്യഭാഷ സംസാരിക്കുന്നവനും വേറിട്ട സംസ്കാരം പുലർത്തുന്നവനും അറബികൾക്ക് അന്യനാണ്. പക്ഷേ, പിറന്ന മണ്ണിലെ അന്യതാബോധം എത്രമാത്രം വേദന നിറഞ്ഞതാണ്. താൻ ചൂഷണം ചെയ്യപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുമെന്ന അപകർഷബോധം അവനെ വല്ലാതെയലട്ടുന്നു. ബ്രഹ്മരക്ഷസ്സുള്ള വീട്ടിൽ ഭാര്യ കണ്ട മൂർഖൻപാമ്പിനെ പുറത്തു ചാടിക്കാൻ ചുമട്ടുകാർ വൻതുക കൂലി ആവശ്യപ്പെടുകയും ശ്രീനിവാസൻ അവരോട് വിലപേശുകയും ചെയ്യുന്നത് പ്രവാസികൾ നേരിടുന്ന ചൂഷണത്തിന്റെ ചെറിയ നേർചിത്രമാണ്. "നിങ്ങൾക്ക് വട്ടായിട്ട് ഗൾഫീന്ന് കേറ്റിവിട്ടതാണോ" എന്ന് ഒരു പൊലീസുകാരൻ ചോദിച്ചുപോകുന്നത് ഇന്നത്തെ സാമൂഹിക വ്യവസ്ഥിതികളോട് പൊരുത്തപ്പെടാൻ ശ്രീനിവാസൻ ഏറെ പ്രയാസപ്പെടുന്നതുകൊണ്ടാണ്.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും ഒറ്റപ്പെടുത്തലുകളിൽ എങ്ങനെ അവന്റെ സമനില തെറ്റാതിരിക്കും. അനേകം ബ്രഹ്മരക്ഷസ്സുകൾ പാർക്കുന്ന വലിയൊരു പ്രേതാലയമാണ് ഇന്ന് നമ്മുടെ നാട്. രാത്രി മാത്രമല്ല, പകലിലും അവയുടെ പരാക്രമങ്ങൾ അവനെ ഭയപ്പെടുത്തുകയും മുറിവേൽപിക്കുകയും ചെയ്യുന്നു.

യുക്തിബോധവും സാമൂഹികബോധവും തലക്കു പിടിച്ച യൗവനകാലം. മറ്റുള്ളവരെപ്പോലെ പ്രാരബ്ധങ്ങൾ നീന്തിക്കടക്കാൻതന്നെയായിരുന്നു ശ്രീനിവാസനും പ്രവാസിയായത്. വിലയംകടവിലെ പുഴയും പൗർണമിയും ഉപേക്ഷിച്ച് 40 വർഷത്തെ പ്രവാസജീവിതം. ഇത്രയുംകാലം കുടുംബത്തോടൊപ്പംതന്നെ ജീവിക്കാനുള്ള ഭാഗ്യമുണ്ടായി. രണ്ടു മക്കളെയും ഗൾഫിൽ തന്നെ പഠിപ്പിക്കുകയും ഉയർന്ന നിലയിലെത്തിക്കുകയും ചെയ്തു. മകൾ കാനഡയിലും മകൻ ആസ്ട്രേലിയയിലും ജോലിചെയ്യുന്നു. ഒന്നിനെയും നേരിടാതെ സ്വന്തം കാര്യങ്ങൾ മാത്രമാണ് നോക്കിയത്. നാലു പതിറ്റാണ്ടിലേറെയുള്ള ഒളിച്ചോട്ടം. ഇവിടെ നടക്കുന്നതൊന്നുമറിഞ്ഞില്ല. ജീവിതത്തെ അലോസരപ്പെടുത്തുന്നതിൽ നിന്ന് ദീർഘമായ ഒളിച്ചോട്ടം. അതിന്റെ പിഴയാണ് ഈ അനുഭവിക്കുന്നത്. വീട്ടിൽ അതിക്രമിച്ചു താമസമാക്കിയ ബന്ധുക്കളെന്ന് അവകാശപ്പെടുന്ന മൂന്നു ചെറുപ്പക്കാരുടെ അധിക്ഷേപങ്ങൾ സഹിക്കാനാവാതെ ശീനിവാസൻ പറഞ്ഞു: "സംസ്കാരവും സാമൂഹികബോധവുമുള്ള മനുഷ്യനാണ് ഞാൻ."

പക്ഷേ, അവരിലൊരാൾ ശീനിവാസനെ അടിക്കാനോങ്ങി. " എന്തു സാമൂഹികബോധമാണ് പറയുന്നത്. സാമൂഹിക ബോധം! ലജ്ജയില്ലേ ഇമ്മാതിരി വാക്കുകൾ പറയാൻ. ഇവിടത്തെ സമൂഹത്തിനുവേണ്ടി നിങ്ങളെന്തുചെയ്തു. ടെലിവിഷൻ ചാനലിൽ വൈകീട്ടത്തെ ന്യൂസ് അവർ കണ്ട് അഭിപ്രായം തട്ടിവിട്ടതോ ഫേസ്ബുക്കിൽ രോഷാകുലനായതോ. ഒരു തലമുറ എങ്ങനെ രൂപപ്പെടുന്നുവെന്ന് നിങ്ങളെപ്പോലുള്ളവർ ആലോചിച്ചിട്ടുണ്ടോ. രാഷ്ട്രീയക്കാർ ഞങ്ങളുടെ നാവ് പിഴുതെടുത്തു. മതപ്രസ്ഥാനങ്ങൾ കണ്ണ് കുത്തിപ്പൊട്ടിച്ചു. എവിടെയായിരുന്നു നിങ്ങളുടെ സാമൂഹിക ബോധം."


മരുഭൂമിയിൽ ഒറ്റക്കായിരുന്നില്ലെന്ന് ഇപ്പോൾ തോന്നുന്നു. യഥാർഥത്തിൽ ഇവിടെയാണ് യഥാർഥ മരുഭൂമി. ഒരു പുരുഷായുസ്സ് മുഴുവനും മരുഭൂമിയിൽ കൊണ്ട വെയിലിനെ തണലാക്കി മാറ്റാൻ, ശിഷ്ടജീവിതം സ്വസ്ഥമായി വിശ്രമിക്കാൻ എയർപോർട്ടിനടുത്ത് വിലകൊടുത്തു വാങ്ങിയ വീട്ടിൽനിന്നു ദുർഭൂതങ്ങളുടെ പേരിൽ ആട്ടിയോടിക്കാൻ ശ്രമിക്കുന്ന നിഗൂഢശക്തികളെ തിരിച്ചറിയാതെ പോകുന്നത് അയുക്തിയോട് സമരസപ്പെടാനാവാത്ത ബോധമുള്ളതുകൊണ്ടാണ്. പക്ഷേ, ഇന്നെല്ലാം തകിടംമറിഞ്ഞിരിക്കുന്നു. സത്യമായാലും മിഥ്യയായാലും ഒരു കാര്യം ഇല്ലെന്ന് ഉറച്ചുവിശ്വസിക്കുന്നതും അന്ധവിശ്വാസമാകുമത്രെ.

ചില ലക്ഷണങ്ങൾ കാണുമ്പോൾ യുക്തിബോധമൊക്കെ ഇല്ലാതാവുന്നു. ബ്രഹ്മരക്ഷസ്സിനെതിരെ പരിഹാരക്രിയകൾ നടത്താൻ വിമല ഉപദേശിക്കുമ്പോൾ മനസ്സ് മാറിപ്പോകുന്നു. അപ്പോഴൊക്കെ സുഹൃത്ത് ബാബുവിനെ ഓർമവരും. വിളിച്ചാലൊന്നും അവൻ ഫോൺ എടുക്കുകയില്ല. എപ്പോഴും ദേശാടനംതന്നെ.

വിലയം കടവ് പുഴയിൽ മുങ്ങിപ്പോയവരെ രക്ഷിക്കുന്നതിനിടയിൽ മുങ്ങിമരിച്ച അച്ഛന്റെ പേര് പാലത്തിന് ഇടുന്നതിനു പകരം അഴിമതിക്കാരനായ പഞ്ചായത്ത് പ്രസിഡൻറിന്റെ പേര് നൽകിയ തർക്കവിഷയം നർമത്തോടെ അവതരിപ്പിച്ചാണ് നോവലിന്റെ തുടക്കം. സമൂഹത്തിലെ ജീർണിച്ച പല സംഭവങ്ങളും ആക്ഷേപഹാസ്യമായി ഇതുപോലെ പലയിടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

"ഇന്നലെ വരെ പീടികക്കോലായയിൽ മുറിബീഡിയും വലിച്ച് ലോക്കൽ രാഷ്ട്രീയം പറഞ്ഞിരുന്ന ഏഴാം ക്ലാസ്സുകാരൊക്കെ കോടീശ്വരന്മാരായി. പാർട്ടിഭേദങ്ങളില്ലാതെ മണൽ മാഫിയ. ബാറിലും മണൽ-കാറി മാഫിയയിലുമാണ് ഇപ്പോൾ സെക്കുലറിസമുള്ളത്." നോവലിസ്റ്റിന്റെ തുറന്നുപറച്ചിൽ നമ്മുടെ കണ്ണുകൾ തുറപ്പിക്കുന്നു. വിലയം കടവിന്റെ ഓരോ ജീവകോശവും മാറിപ്പോയിരിക്കുന്നു. പുഴയുടെ കണ്ണീർ നിലത്തുറ്റിച്ച് മണൽലോറികൾ പട്ടാളവണ്ടികൾ പോലെ കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ച നമ്മുടെ നിരത്തുകളിലേതുമാണ്.

മിനിക്കഥകൾപോലെയാണ് ഇതിലെ ഓരോ അധ്യായവും. തുടർവായനക്കുള്ള ആകാംക്ഷ നിലനിർത്തി കോർത്തിണക്കിയിട്ടുണ്ട് ഓരോ അധ്യായാവസാനവും. ആറ്റിക്കുറിച്ച വാക്കുകളിലൂടെ സംക്ഷിപ്തമായി പല കാര്യങ്ങളും അവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ വലിഞ്ഞുപോകാതെ ലഘുനോവലിന്റെ ഗണത്തിൽ ഒതുക്കിനിൽക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. ലളിത ആഖ്യാനശൈലിതന്നെയാണ് ഈ നോവലിന്റെയും സവിശേഷത. ആയതിനാൽ ഒറ്റയടിക്കുതന്നെ വായിച്ചുതീർക്കാൻ സാധിക്കും. പ്രവാസ ജീവിതം നയിച്ച ഒരു വ്യക്തി തന്റെ അനുഭവങ്ങളിൽ തൊട്ടെഴുതുമ്പോൾ ആ ജീവിതം നയിക്കുന്നവർക്ക് അത് ഏറെ അനുഭവവേദ്യമാകും. ഒരു പ്രേതനോവലിന്റെ മുൻവിധികളെ തച്ചുടക്കുന്നതായിരുന്നു ബ്രഹ്മരക്ഷസ്സ്. അതിപൈശാചികതയും അമാനുഷികതയും ഇതിൽ ദർശിക്കാൻ സാധ്യമല്ല. ഓരോ പ്രവാസിയും നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകംതന്നെയാണ് ബ്രഹ്മരക്ഷസ്സ്. •




ബ്രഹ്മരക്ഷസ്സ് (നോവൽ)
ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്
പ്രസാധനം: കറൻറ് ബുക്സ് തൃശൂർ
പേജ്: 95, വില: 95 രൂപ

കവിത



# വരുംവരായ്കകൾ

അബ്ബാസ് കിനാവ്

അന്യന്റെ പേജിലെ മഴക്കെടുതിയിൽ
കണ്ണുടക്കിയിരിക്കുമ്പോഴാണ്
പേരാമ്പ്രക്കുള്ള
അവസാന ബസ് വന്നത്.
നിപ്പയെക്കുറിച്ചാലോചിക്കുമ്പോഴാണു
മുറ്റത്ത് ആലിപ്പഴവുമായ് വരാറുള്ള
അതേ പെയ്ത്തുകാരി
ബസ്സ്റ്റാൻഡിലെ കല്ലുപാളികളിൽ
വീണു ചിതറിയത്
അന്ന് കല്യാണപ്പന്തലിൽ ബിരിയാണി
വിളമ്പുമ്പോഴായിരുന്നു സുനാമിയടിച്ച
വാർത്തകൊണ്ടെന്റെ ഹൃദയം പൊള്ളിയത്

മഴ പിന്നെയും കരുത്താർജിക്കുമ്പോഴാണ്
എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തപോലെ
ലോകത്തിലെ സകലതിനെയും
പുച്ഛിച്ചുകൊണ്ടൊരാൾ പടിഞ്ഞാറ്റു
നടന്നുനീങ്ങിയത്.
തെക്കെത്തൊടിയിലെ
പാഷൻഫ്രൂട്ട് വള്ളിയിലെ
കായ്കൾ പഴുത്തുകാണുമോ?
ഞാനൊറ്റക്ക് തിരിഞ്ഞുനടന്നു
മഴയപ്പോഴും പിന്നിൽ നിന്നിലേക്കു
കണ്ണേറിയുന്നുണ്ടായിരുന്നു


ഇനി മുല്ലപ്പെരിയാർ
എന്നായിരിക്കുമോ എന്തോ!

പുസ്തകം





**യുത്തനേസിയ**
ബെന്യാമിൻ
പേജ്: 119, വില: 135.00
മാതൃഭൂമി ബുക്സ്

എഴുത്തുകാരന്റെ പ്രഥമ കഥാസമാഹാരത്തിന്റെ പുതിയപതിപ്പ്. പ്രണയം ആധാരമായ 14 കഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.





**പന്തുകളിക്കാരൻ**
ജി.ആർ. ഇന്ദുഗോപൻ
പേജ്: 200. വില: 199
ഡി.സി ബുക്സ്

ജീവിക്കാനായി സെവൻസ് മൈതാനങ്ങളിൽ പന്തുതട്ടി നടന്ന വരുൺചന്ദ്രൻ എന്ന ചെറുപ്പക്കാരൻ കോടികൾ ആസ്തിയുള്ള അന്താരാഷ്ട്ര കോർപറേറ്റ് കമ്പനി ഉടമയായി വളർന്ന അത്ഭുതകഥ.



**ഇവിടെ ഇങ്ങനെയൊരു പുസ്തകം**
എം. മുകുന്ദൻ
പേജ്: 114, വില: 120.00
ഹരിതം ബുക്സ്

മലയാളിയുടെ വായനയിലേക്ക് അനിവാര്യമായും കടന്നുവരേണ്ട ഒരു കൂട്ടം പുസ്തകങ്ങളെ പരിചയപ്പെടുത്തുകയാണ് പ്രിയപ്പെട്ട എഴുത്തുകാരൻ.





**വനയാത്ര**
ആർ. വിനോദ്കുമാർ
പേജ്: 128. വില: 120.00
ഡി.സി ബുക്സ്

വനപ്രകൃതിയുടെ നിത്യവിസ്മയത്തിന്റെ കവിത പകർത്തുകയാണ് എഴുത്തുകാരൻ. ഓരോ അധ്യായവും വ്യത്യസ്തമായ അനുഭൂതിതലം പകരുന്നു.





**മിസ്സിസ് ഷെർലക് ഹോംസ്**
വി.എച്ച്. നിഷാദ്
പേജ്: 96, വില: 150.00
മാതൃഭൂമി ബുക്സ്

ഫാഷിസവും വർഗീയതയും മനുഷ്യരുടെ നിഴലുകളിൽ പോലും നഖങ്ങൾ കോർക്കുന്ന കാലത്തിരുന്ന് രചന നടത്തുന്ന ഒരെഴുത്തുകാരന്റെ കഥകൾ.




**ഉമ്പർട്ടോ എക്കോ**
ബി. മുരളി
പേജ്: 114. വില: 100.00
ഹരിതം ബുക്സ്

ആധുനികോത്തര സാഹിത്യത്തിന്റെ സ്വാതന്ത്ര്യവും വികാസവും സൂക്ഷ്മമായി പ്രകടിപ്പിക്കുന്ന ഒരു കൂട്ടം കഥകൾ. മലയാള ചെറുകഥാലോകത്തെ വേറിട്ട വായന.



**ജാതി ചോദിക്കരുത്**
**ഇന്ത്യൻ കഥകൾ (കഥ)**
എഡി: രാജേഷ് കെ. എരുമേലി
പേജ്: 136. വില: 160.00
പാപ്പാത്തി ബുക്സ്

കശ്മീരി മുതൽ തമിഴും തെലുങ്കും ഉൾപ്പെടെ പതിനാറ് ഇന്ത്യൻ ഭാഷകളിലെ കഥകൾ. ഇന്ത്യൻ ഭൂവിഭാഗങ്ങളെയും അവരുടെ ജീവിതങ്ങളെയും അടുത്തറിയാൻ ഉതകുന്ന വായന.




**ചെമ്പവിഴം (നോവൽ)**
യു.എ. ഖാദർ
പേജ്: 100, വില: 125.00
ന്യൂ ബുക്സ്

തങ്ങളുടെതായ വിശ്വാസങ്ങൾ നിർമിക്കുകയും അതേ നിയമങ്ങൾക്കുള്ളിൽ ജീവിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ കഥ പറയുന്നു തൃക്കോട്ടൂരിന്റെ കഥാകാരൻ.

ചിത്രകല

# മൗനത്തെ ശബ്ദംകൊണ്ട് ഹരിച്ച ചിത്രകാരൻ



രാംകുമാർ

ഗായത്രി

**മിതത്വമാർന്ന നിറോപയോഗരീതിയും രൂപങ്ങളുടെ വിരുദ്ധക്ഷേത്രങ്ങളെ തമ്മിൽ സംയോജിപ്പിക്കുന്നതിലുള്ള അതുല്യമായ മികവുമാണ് ഇന്ത്യയിലെ മറ്റ് ആനുകാലിക ചിത്രകാരന്മാരിൽനിന്ന് രാംകുമാറിനെ വ്യതിരിക്തനാക്കിയത്. തന്റെ 95ാം വയസ്സിൽ വിടപറഞ്ഞപ്പോൾ ബാക്കിയാകുന്നത് അദ്ദേഹം സൃഷ്ടിച്ച ചിത്രപ്രപഞ്ചമാണ്...**

സ്വാതന്ത്ര്യപൂർവ ഇന്ത്യയിലെ ചിത്രകലാചരിത്രം പാശ്ചാത്യ കലാരീതികളുമായി നിരവധി വിതാനങ്ങളിൽ സമരസപ്പെട്ടിട്ടുണ്ട്. നീണ്ടകാലം ഇന്ത്യയിൽ അധിനിവേശം നടത്തിയ ഡച്ചുകാരുടെയും പോർചുഗീസുകാരുടെയും ബ്രിട്ടീഷ് ഭരണത്തിന്റെയും മറ്റു പാശ്ചാത്യ വിനിമയങ്ങളുടെയും സാമീപ്യം മറ്റു പലതിലുമെന്നപോലെ ചിത്രകലയിലും വലിയ സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട്. യഥാർഥത്തിൽ എന്താണ് ഇന്ത്യയുടെ തനത് ചിത്രകലയെന്നത് ഇനിയും നിർവചിക്കേണ്ട ഒന്നാണ്, അങ്ങനെയൊന്നുണ്ടെങ്കിൽ. 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാശ്ചാത്യ ചിത്രകലയുമായി ബന്ധപ്പെടാൻ നിഷ്പ്രയാസം സാധിച്ചിരുന്ന പല ചിത്രകാരന്മാരും അത് പ്രകടിപ്പിച്ചിരുന്ന നൂതന ഭാവുകത്വ പരിണാമങ്ങളിൽ അതിരുവിട്ട് അഭിരമിക്കുകയും സ്വന്തം രചനകളിൽ അതെല്ലാം പരീക്ഷിക്കാൻ മുതിരുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ സാമ്രാജ്യാനന്തര കാലഘട്ടത്തിലെ ആദ്യ തലമുറക്കാരായിരുന്ന രാംകുമാർ, തയ്യബ് മേത്ത, എം. എഫ്. ഹുസൈൻ, എഫ്.എൻ. സോസ, പാരിതോഷ് സെൻ, ജഹാംഗിർ സബാവാല, കൃഷൻ ഖന്ന, എസ്.എച്ച്. റാസ, അക്ബർ പദംസി തുടങ്ങി നവോത്ഥാന കലയുടെ വക്താക്കളായി രംഗത്തുവന്ന നിരവധിപേർ പലതലത്തിൽ പാശ്ചാത്യ കലയിൽ ആകൃഷ്ടരായിട്ടുണ്ട്. ഈ ചിത്രകാരന്മാരെല്ലാം അമൂർത്തത കേവലം ഒരു വൈദേശിക ഉൽപന്നമല്ലെന്നും ഇന്ത്യയിലെ മിക്ക കലാരൂപങ്ങളിലും അമൂർത്തതയുടെ വേരുകളുണ്ടെന്നും സമർഥിച്ചിരുന്നു.

ആധുനിക ചിത്രകലയിൽ ഇന്ത്യയുടെ പ്രതിനിധാനങ്ങളായി തങ്ങളുടെ പേരുകൾ കലാലോകത്ത് നിറയുന്നതിൽ ഇവരെല്ലാം പരസ്പരാശ്രിതരും സഹവർത്തികളുമായിരുന്നുവെന്നത് ആധുനികതയുടെ കാലത്തെ അവിസ്മരണീയമാക്കുവാൻ ഒട്ടൊന്നുമല്ല സഹായിച്ചത്. ചിത്രകല വരേണ്യവർഗ കലയാണെന്നമട്ടിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട കാലംകൂടിയായിരുന്നു അത്. ചിത്രകല ആസ്വദിക്കുവാൻ വലിയ പരിശീലനം ആവശ്യമാണെന്ന കള്ളപ്രചാരണം ചിത്രകലയെ സാധാരണ ജനങ്ങളിൽനിന്ന് അകറ്റി. ആ വിടവിലാണ് മുതലാളിത്തം മഹത്തായ കലയാണെന്ന മട്ടിൽ അവതരിപ്പിച്ചുകൊണ്ടിരുന്ന രൂപരഹിത അമൂർത്തത ഇന്ത്യയിലേക്ക് കുടിയേറുന്നത്. അതിൽ ആകൃഷ്ടനായി രചനകൾ നിർവഹിച്ച ചിത്രകാരനാണ് രാംകുമാർ.

1924ൽ ഹിമാചലിലെ സിംലയിൽ വലിയ കുടുംബത്തിലാണ് ജനനം. ഡൽഹി സർവകലാശാലയിൽനിന്ന് ധനതത്ത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി ഒരു ബാങ്കിൽ ജോലിചെയ്തുകൊണ്ടിരിക്കെ ഡൽഹിയിലെ കോണാട്ട് പ്ലേസിൽ നടന്ന ഒരു ചിത്രകലാപ്രദർശനം കാണാനിടയായി. വളരെ യാദൃച്ഛികമായ ആ പ്രദർശനം രാംകുമാറിനെ വല്ലാതെ സ്വാധീനിച്ചു. അന്നുമുതൽ തന്റെ വഴി ബാങ്ക് ജോലിയല്ലെന്ന് തിരിച്ചറിഞ്ഞ രാംകുമാർ ഡൽഹിയിലെ ചിത്രകലാധ്യാപകനായിരുന്ന ശൈലേശ് മുഖർജിയിൽനിന്ന് ചിത്രകല പഠിക്കാനായി തന്റെ ജോലി ഉപേക്ഷിച്ചു. 1950നും 60നും ഇടയിൽ ഇന്ത്യയിലെ നവചിത്രകലയുടെ സൗന്ദര്യശാസ്ത്രത്തെയും പ്രത്യയശാസ്ത്രത്തെയും ആഴത്തിൽ നിർണയിച്ച പ്രോഗ്രസിവ് ആർട്ടിസ്റ്റ് മൂവ്മെന്റ് എന്ന പ്രസ്ഥാനത്തിന്റെ മുന്നണിയിൽ ഉണ്ടായിരുന്ന എസ്.എച്ച്. റാസയുമായി ഗാഢ സുഹൃദ്ബന്ധം ഉണ്ടാക്കാൻ അക്കാലത്ത്തന്നെ രാംകുമാറിന് സാധിച്ചത് അദ്ദേഹത്തിന്റെ ചിന്തകളിൽ വലിയ വിസ്ഫോടനങ്ങളുണ്ടാക്കി. പ്രോഗ്രസിവ് ആർട്ടിസ്റ്റ് മൂവ്മെന്റിൽ സജീവമായതോടെ രാംകുമാറിന്റെ കലാസങ്കൽപങ്ങൾക്ക് കാതലായ പരിണാമങ്ങൾ സംഭവിച്ചു.

പിൽക്കാലത്ത് പാരിസിൽ പോയി അക്കാലത്തെ പ്രശസ്ത ക്യൂബിക് ചിത്രകാരൻ ഫെർനാൻഡ് ലെഗറിന്റെ ശിഷ്യനായി. അക്കാലത്ത് തന്നെ ശിൽപി ആന്ദ്രേ എൽ ഹോതിന്റെ ശിക്ഷണത്തിൽ ശിൽപവിദ്യയിലും പരിശീലനം നേടി. പാരിസിലെ കലാപഠനകാലം ഇന്ത്യയിൽ നിലനിന്നിരുന്ന കലാസങ്കൽപങ്ങളിൽ പലതും പൊളിച്ചെഴുതേണ്ടതാണെന്ന ഒരു വിചാരം രാംകുമാറിൽ ശക്തമാക്കി. അന്ന് ലോകകലയുടെ മക്കയായി അറിയപ്പെട്ടിരുന്ന പാരിസ് ആധുനിക ചിത്രകലയുടെ പരീക്ഷണശാലയായിരുന്നു. ക്യൂബിസം പോലെ കലയിൽ വലിയ വിസ്ഫോടനമുണ്ടാക്കിയ കലാരീതിയുമായി പിക്കാസോയും കൂട്ടരും ചിത്രകലയിലെ ചക്രവർത്തിമാരായി നിലകൊള്ളുന്ന ആ കാലം രാംകുമാറെന്ന ചെറുപ്പക്കാരനെ ഒട്ടൊന്നുമല്ല ആകർഷിച്ചത്. പല രാജ്യങ്ങളിലും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഉണർന്ന് വന്നുകൊണ്ടിരുന്ന അക്കാലത്ത് പാരിസിൽ ബുദ്ധിജീവികളുടെ ആകർഷണകേന്ദ്രമായി മാറിയിരുന്ന കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന് പ്രവർത്തിക്കാൻ അദ്ദേഹം തീരുമാനിച്ചു.

പഠനശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ രാംകുമാർ മുഴുസമയവും ചിത്രകലക്കായി മാറ്റിവെച്ചു. രാംകുമാറിന്റെ ആദ്യകാല രചനകളിൽ സാധാരണ പ്രത്യക്ഷപ്പെട്ടിരുന്ന ഭൂവിഭാഗ ദൃശ്യങ്ങൾ പാരിസിലെ പഠനകാലത്തുതന്നെ ക്രമേണ മാറ്റം പ്രകടിപ്പിക്കാൻ വെമ്പൽകൊണ്ടിരുന്നു. ക്യൂബിസത്തിന്റെ സ്വാധീനം സ്വന്തം രചനകളുടെ രൂപകങ്ങളെ മാറ്റിത്തീർക്കുന്നതിന് അനുഗുണമായ സവിശേഷതകളിലേക്ക് അദ്ദേഹം സ്വയം പരിണമിപ്പിക്കുകയായിരുന്നു. രൂപരഹിതമായ അമൂർത്തത അക്കാലത്ത് പാശ്ചാത്യ കലയെ ദാരുണമായി കീഴടക്കിക്കൊണ്ടിരുന്ന സമയംകൂടിയായിരുന്നു അത്. ലോകയുദ്ധത്തിന് ശേഷം ലോകത്തിന്റെ സാമ്പത്തിക അച്ചുതണ്ട് തങ്ങളാണ് തിരിക്കേണ്ടതെന്ന് തീരുമാനിച്ച അമേരിക്കയിലെ കലാവിമർശകർ ആധുനികകല മുന്നോട്ട് വെക്കാൻ ശ്രമിച്ചിരുന്ന കലയിലെ പ്രതിബദ്ധതയുടെ അപകടം മണത്തറിഞ്ഞ് കഴിഞ്ഞിരുന്നു അപ്പോഴേക്കും.

കലയിൽ വലിയ വഴക്കവും പ്രാവീണ്യവുമില്ലാത്ത ചിലരെ ഉപയോഗിച്ച് അമേരിക്കൻ നയതന്ത്രജ്ഞർ അവതരിപ്പിച്ച ചില സൂത്രങ്ങളെ കലാനിരൂപകർ വാഴ്ത്താൻ തുടങ്ങിയതോടെ മികച്ച കലാപ്രതിഭകളും രൂപരഹിത അമൂർത്തതയുടെ വക്താക്കളായി. പാശ്ചാത്യ കലാരംഗം കീഴടക്കിക്കൊണ്ട് മഹാമാരിപോലെ അമൂർത്ത ചിത്രകല അതിന്റെ ജൈത്രയാത്ര ആരംഭിച്ചതോടെ കലയിൽനിന്ന് പ്രതിബദ്ധതയെ കുറിക്കുന്ന എല്ലാ സംവർഗങ്ങളും മറഞ്ഞുപോയി. ഇന്ത്യയിൽ നവീന കലയെ ആധുനികതാപ്രസ്ഥാനവുമായി കൂട്ടിയിണക്കാൻ മുന്നോട്ടുവന്ന ഭൂരിഭാഗം ചിത്രകാരന്മാരും രൂപരഹിതമായ അമൂർത്തതയിൽ അഭിരമിക്കുന്നവരായിരുന്നു. പിൽക്കാലത്ത് ഇന്ത്യയിലെ ചിത്രകാരന്മാരുടെ മുൻനിരയിലെത്താൻ ഇവർക്കായതിന്റെ പിന്നിൽ അമൂർത്ത ചിത്രകലയിലെ വിപണിവത്കരണം വളരെയേറെ സഹായിച്ചു. രാംകുമാറിനും അതുതന്നെ സംഭവിച്ചു. തന്റെ ആദ്യകാല രചനകളിൽ മനുഷ്യാവസ്ഥയെ സംബന്ധിക്കുന്ന യഥാർഥ രൂപങ്ങൾ ചിത്രതലത്തിൽ പകർത്താൻ ശ്രമിച്ചിരുന്ന കാലത്ത് ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേക്ക് ഉപജീവനത്തിനായി കുടിയേറി സ്വയം അന്യവത്കരണത്തിന് വിധേയരായ മനുഷ്യരുടെ വേദന ചിത്രകാരൻ സ്വയം അനുഭവിച്ചിരുന്നു.

1958ൽ രചിച്ച 'സ്വപ്നങ്ങൾ' എന്ന ചിത്രത്തിൽ ഒരു മുറിക്കകത്ത് നിൽക്കുമ്പോഴും അരക്ഷിതബോധത്താലും ഭയത്താലും വേട്ടയാടപ്പെടുന്ന ഒരു സ്ത്രീരൂപം കാണാം. നാഗരിക ജീവിതം മനുഷ്യന് നൽകുന്ന നിരവധി സംത്രാസങ്ങൾ ആ സ്ത്രീയുടെ മുഖത്ത് വരച്ചുവെച്ച ഒരു മുഖാവരണം പോലെ തെളിയുന്നു. ഒട്ടും പ്രസാദാത്മകമല്ലാത്ത ഇരുണ്ട തവിട്ട് നിറത്തിൽ പണിതെടുത്ത ചിത്രത്തിലെ അകത്തളം അവരുടെ ഉള്ളംപോലെ വേദനാജനകമാണ്. ഏത് നിമിഷവും അജ്ഞാതരായ ആരാലോ ആക്രമിക്കപ്പെടാനുള്ള സാധ്യത അവരുടെ മുഖത്തെ അസന്ദിഗ്ധത്വം വിളിച്ചുപറയുന്നുണ്ട്. 1956ലെ 'അനാഥർ' എന്ന രചനയിൽ നഗരഭൂമികയുടെ പശ്ചാത്തലത്തിൽ വിങ്ങുന്ന മനസ്സുകൾ തുറക്കുന്ന നിസ്വരായ രണ്ട് ചങ്ങാതിമാരെ കാണാം. നഗരമായിട്ടും അവരെയൊഴിച്ച് ആരും ചിത്രത്തിൽ സ്ഥാനംപിടിച്ചില്ലയെന്നത് ചിത്രത്തിലെ വിഷയവസ്തുവിനെ കേന്ദ്രീകരിക്കുവാനുള്ള ഒരു സൂത്രവാക്യമായി പലരും പ്രയോഗിച്ചിട്ടുണ്ടെങ്കിലും അത് ചിത്രത്തെ ഭാവുകനോട് കൂടുതൽ അടുപ്പിക്കുന്നു. '57ൽ എഴുതിയ 'കുടുംബം', '56ൽ പൂർത്തിയാക്കിയ 'ആടും ആൺകുട്ടിയും' തുടങ്ങി നിരവധി രചനകൾ രൂപാത്മക ചിത്രകലയുടെ രചനാകൗശലത്താൽ ഉദാത്തമായിരുന്നു. അമൃത ഷെർഗിലിന്റെ മനുഷ്യരൂപത്തോട് മനപ്പൂർവമല്ലാത്ത ഒരു സാദൃശ്യം തോന്നാമായിരുന്നെങ്കിലും അത്ര തനിമയോടെ ചിത്രീകരിക്കപ്പെട്ടിരുന്നില്ല അദ്ദേഹത്തിന്റെ രചനകളിൽ. അത്തരത്തിലുള്ള രചനകളിൽനിന്ന് തീർത്തും അമൂർത്തമായ രചനകളിലേക്ക് രാംകുമാർ മാറിയതിന് പിന്നിൽ അദ്ദേഹത്തിന്റെ വിദേശവിദ്യാഭ്യാസവും പാരിസ് ജീവിതവും വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് കലാചരിത്രാന്വേഷകർക്ക് മനസ്സിലാക്കാനാവും. ഇന്ത്യയിലെ പുകൾപെറ്റ തീർഥാടനകേന്ദ്രമായ വാരാണസി സന്ദർശനത്തിലൂടെയാണ് രാംകുമാറിന്റെ രചനകൾ കേവല അമൂർത്തതയിൽനിന്ന് ആധ്യാത്മിക സംവർഗങ്ങൾ ഉൾക്കൊള്ളുന്ന അമൂർത്തതയിലേക്ക് പരിണമിക്കുന്നത്.


വാരാണസിയിലെ സന്യാസിമാരും ഭക്തരും നയിക്കുന്ന ജീവിതത്തിന്റെ സാരാംശമാണ് ഭക്തി എന്നനിലയിൽ രാംകുമാറിന്റെ ആധ്യാത്മികാന്വേഷണങ്ങൾ മാറാനും അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ അത് അടയാളപ്പെടുത്താനും തുടങ്ങിയത്. നഗരഭൂമികാദൃശ്യങ്ങൾകൊണ്ട് തീർക്കുന്ന പശ്ചാത്തലത്തിൽ ഒഴുകുന്ന നദിയോ പരന്ന് ചലിക്കുന്ന നഗരമോ ഒട്ടുമിക്ക ചിത്രങ്ങളിലെ ആവർത്തിത ബിംബങ്ങളായിത്തീർന്നു. ഗ്രാമീണപരിസ്ഥിതിയിൽനിന്ന് നഗരത്തിലേക്കുള്ള സഞ്ചാരംപോലെയോ ഗൃഹസ്ഥാശ്രമത്തിൽനിന്ന് സന്യാസത്തിലേക്കുള്ള യാത്രപോലെയോ ആണ് തന്റെ കലാജീവിതമെന്ന് രാംകുമാർതന്നെ കരുതിയിരുന്നു. വാരാണസി പരമ്പരയിലെ ചിത്രങ്ങളിലെവിടെയും മനുഷ്യാകാരങ്ങൾ കടന്നുവന്നില്ല. ലക്ഷക്കണക്കിന് മനുഷ്യർ ചവിട്ടിക്കടന്നുപോയ ആ മണ്ണിന്റെ ഉൾപ്പുളകങ്ങൾ അവിടെ അടയാളപ്പെട്ടു കിടക്കുന്നുണ്ട്. അതൊരു ചരിത്രമാണ്. മോക്ഷം കൊതിച്ച് സംസാരസാഗരത്തിൽനിന്ന് ഒളിച്ചോടിവന്ന് ഗംഗയുടെ അടിത്തട്ടിൽ അഭയം തേടുന്നവരുടെ കദനം നിറഞ്ഞ കാവ്യചരിത്രം.

ഈ ചരിത്രത്തെ കൊത്തിവെക്കാൻ മനുഷ്യരൂപങ്ങൾ വേണ്ടെന്ന് തീരുമാനിച്ച രാംകുമാറിന്റെ രചനകളിൽനിന്ന് ക്രമേണ മനുഷ്യരൂപങ്ങൾ മാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അമൂർത്ത രചനകളിലും തന്റെ നഗരാന്തരസ്മൃതികളിൽനിന്ന് അദ്ദേഹം മോചിതനായില്ല. വീടിന്റെ മേൽക്കൂരകളെ ഓർമിപ്പിക്കുന്ന ത്രികോണമിതികളും മരഉരുപ്പടികളാണെന്ന് തെറ്റിദ്ധരിക്കുന്ന ചതുഷ്കോണങ്ങളും അവയുടെ ഛിന്നഭിന്നമായ അവസ്ഥകളും പല ചിത്രങ്ങളിലും അടയാളപ്പെടുന്നുണ്ടെങ്കിലും അവയെല്ലാം നിയതമായ രൂപവിതാനങ്ങളെ പിൻപറ്റുന്നില്ല. മിതത്വമാർന്ന നിറോപയോഗരീതിയും രൂപങ്ങളുടെ വിരുദ്ധക്ഷേത്രങ്ങളെ തമ്മിൽ സംയോജിപ്പിക്കുന്നതിലുള്ള അതുല്യമായ മികവുമാണ് ഇന്ത്യയിലെ മറ്റ് ആനുകാലിക ചിത്രകാരന്മാരിൽനിന്ന് അദ്ദേഹത്തെ വ്യതിരിക്തനാക്കിയത്.

ഇന്ത്യയിൽ അക്കാലത്ത് രൂപപ്പെട്ടുവന്ന യോഗാത്മകചിത്രകലയുമായി ഏറെ അകലം പാലിച്ച് രചനനടത്താൻ രാംകുമാർ ശ്രദ്ധിച്ചിരുന്നുവെന്നത് അദ്ദേഹത്തിന്റെ രചനകൾക്ക് വ്യത്യസ്തമായ ബാഹ്യപരിവേഷം നൽകി. 'ലഡാക്ക്' പരമ്പരയിലെ ചിത്രങ്ങളിൽ പലതിലും കെട്ടിടങ്ങളുടെ രൂപസംവർഗങ്ങൾ തന്നെയാണ് ചിത്രതലത്തിലുള്ളതെങ്കിലും അവയുടെ നിറപ്പെയ്ത്തിൽ ആദ്യകാല രചനകളുടെ സ്വാധീനം യഥേഷ്ടം കാണാം. ആകാശത്തെ അഭിസംബോധനചെയ്ത് തലപൊക്കി നിൽക്കുന്ന കൊച്ചുകൊച്ചു കെട്ടിടങ്ങൾ ചരിത്രാതീത കാലത്തെ ഓർമകളിലേക്ക് ഭാവുകനെ കൊണ്ടുപോകുന്നു. മനുഷ്യസംസ്കൃതിയുടെ ചരിത്രത്തിന് നരവംശശാസ്ത്രത്തോളം പഴക്കമുണ്ടെന്ന് ഈ ചിത്രങ്ങളുടെ രൂപ-വർണ സംവിധാനങ്ങൾ കാഴ്ചക്കാരനോട് മൃദുവായി മന്ത്രിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ രചനകളിലെത്തുമ്പാൾ നിറപ്രയോഗത്തിൽ സ്വാഭാവികമായി വന്നുചേർന്നിടുള്ള മാറ്റം ഈ രചനകളെ പുതിയ വായനകൾക്ക് സജ്ജമാക്കുന്നുണ്ട്. ഇളം നിറങ്ങളുടെ സുതാര്യതയും തെളിമയും പുതിയകാല രചനകളെ കുറെക്കൂടി ലീലാപരതയുള്ളതാക്കി മാറ്റുന്നു.

ഒരുപാടു തുറസ്സുകൾ മുന്നിലുണ്ടായിട്ടും അവയെല്ലാം അടഞ്ഞ മുറിക്കുള്ളിലേതുപോലെ സംഗ്രഹിച്ചെടുത്തുവെന്നതാണ് ആ രചനകളിൽ നിഴലിക്കുന്ന ദുർഗ്രഹത. കഴിഞ്ഞ ദശകങ്ങളിൽ ചിത്രകലയുടെ വിപണി മുമ്പില്ലാത്തവിധം വ്യാജപ്രവണതകൾ കൊണ്ട് മുറ്റിയപ്പോൾ നല്ല വിപണിമൂല്യം നേടാനായ ചിത്രകാരൻകൂടിയാണ് രാംകുമാർ. 95ാം വയസ്സിൽ അദ്ദേഹം വിടപറയുമ്പോൾ കമ്പോളത്തിൽ അദ്ദേഹത്തെ പ്രതിഷ്ഠിച്ചവർക്ക് സന്തോഷം തോന്നുമെങ്കിലും കലയെ അർപ്പണമായി ജീവിതത്തിൽ ആചരിച്ച ഒരു ചിത്രകാരനെപ്പറ്റി യഥാർഥ കലാസ്നേഹികൾ സങ്കടപ്പെടും. •





രാംകുമാറിന്റെ ചിത്രങ്ങൾ




mehar HIJAB
THE COMPLETE MODEST CLOTHING STORE

THE MOST TRUSTED ABAYA BRAND

Showrooms
Opp. Lions Park, Beach Road, Calicut. 0495 4060506, 864 1 999955
Opp. Intnl. Stadium, KALOOR, COCHIN 0484 2533555, 864 2 999955
Opp. Muncipality, Perinthalmanna 0493 3223377, 864 6 999955
I Land Building, Nr. Koyenco, Calicut 0495 2727778, 864 7 999955

Ruby Mehar Apparel, Chadranagar, Palakkad-7
Cont: 0491-2573586, 8640999955,9847037778
www.meharhijab.com E-mail:ccmehar@gmail.com
www.facebook.com/meharhijab
Also available amazon.in paytm snapdeal